# KSSIA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. JULY 2023. ₹ 5.00

VOL. 8 - ISSUE NO. 12 - DATE OF PUBLICATION 25TH JULY, 2023 - REGN. NO. KERBIL/2005/23143


## എം.എസ്.എം.ഇ. ഉൽപ്പന്നങ്ങൾക്ക് കുറഞ്ഞ ചെലവിൽ മികച്ച വിപണി മൂല്യം

# മെയ്ഡ് ഇൻ കേരള

## ബ്രാൻഡ്




03 'നമ്മൾ വ്യവസായ പക്ഷം മാത്രമാണ്'

08 ഇൻപുട്ട് ടാക്സ് ആശുപത്രി ബില്ലിനോ?

05 വൈദ്യുതി വിതരണം സ്മാർട്ട് ആവട്ടെ!

10 വ്യവസായ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ ഇൻഷൂർ ചെയ്യാനാകും.

11 ഒരു ഭവനം, ഒരു സംരംഭം 4% പലിശയ്ക്ക് വായ്പ.

07 പഞ്ചവത്സര പദ്ധതിയുടെ കരട് രൂപരേഖയിൽ എം.എസ്.എം.ഇ. മേഖലയ്ക്ക് പ്രാധാന്യം.

12 'മെയ്ഡ് ഇൻ കേരള' ലോകത്തിനു മുന്നിൽ കേരളത്തെ അടയാളപ്പെടുത്തും.


GOVERNMENT OF KERALA
KSIDC
DEAR LADIES, CREATE YOUR OWN OPPORTUNITIES WITH KSIDC
WE Mission Scheme
A KSIDC initiative for Women Entrepreneurship
Assistance for existing women entrepreneurs in the manufacturing / service sector (Procurement of machinery, working capital, etc)
Loan assistance of up to 80% of project cost shall be provided
Lending limits shall be Rs. 50 Lakhs*
Interest rate of 7.5%*
*Conditions Apply
KERALA STATE INDUSTRIAL DEVELOPMENT CORPORATION LTD.
Head Office: Keston Road, Kowdiar, Thiruvananthapuram-695003
Regional Office: 2nd Floor, Choice Towers, Manorama Jn, Kochi-682016
Satellite Office: First Floor, BSNL Office Annex. Building, Balan K Nair Road,
Ashokapuram,Kozhikode – 673 001
Ph: No: 0484-2323010 | enquiry@ksidcmail.org
Follow us on | www.ksidc.org

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. Ph : 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS FOR THE YEAR 2022-2024**

**STATE PRESIDENT**
A. Nizarudeen
Naz Wood Industries, T.K.M.C.P.O.,
Karicode, Kollam - 05. Mob: 94477 10078
Email: nazwoodind@gmail.com

**GENERAL SECRETARY**
P.J. Jose
Pallipadan Enterprises, Marottichuvadu, Edapally,
Cochin - 682 024. Mobile: 98460 53553
Email: info@manoramasalescorporation.com

**STATE VICE PRESIDENTS**

**SOUTH ZONE**
A. Fasiludeen
Travancore New Tech Interlock Bricks,
Pulimath, Karette, Trivandrum - 695 612.
Mob: 94007 04000, Email: fthoppil@yahoo.com

**CENTRAL ZONE**
Abraham Kuriakose
Perfect Crumbs,
Amayannoor P.O., Kottayam - 686 019.
Mob: 94470 43445, Email: perfectcorp@yahoo.com

**NORTH ZONE**
A.V. Sunilnath
Ferrero Vinyil Technologies (Pvt) Ltd, 7/342,
Kolathra P.O., Kozhikode - 673 655.
Mob: 93497 44145,
Email: sunilnath@walkaroogroup.com

**STATE TREASURER**
Joseph Paikada
Indo-Malabar Foods (P) Ltd, N.H. Road, Kanhirangad,
Taliparamba, Kannur - 670 142.
Mob: 94972 24422, Email: josephpaikada@gmail.com

**STATE JOINT SECRETARIES**
V.K. Harilal **(South Zone)**
Venice Coir Company, I D Plot, Vadackal P.O.,
Alappuzha - 688 003. Mob: 98472 30058

B. Jayakrishnan **(Central Zone)**
Toyo Rubbers, Kumaramangalam P.O., Thodupuzha.
Mob: 94473 30569

George Mundakkal **(North Zone)**
Paulson Fertilizers, Kalluvayal, Sulthan Bathery P.O.,
Wayanad. Mob: 94472 95110

**EDITORIAL BOARD**
**Chief Editor**
S. Salim
Mobile: 93873 05751
Email: md@unicornplywoods.com

**MEMBERS**

| | |
|---|---|
| A. Nizarudeen | Mob: 94477 10078 |
| P. J. Jose | Mob: 98460 53553 |
| Rajesh. G | Mob: 98957 03837 |
| Thomas Mathew | Mob: 94470 46411 |

**PRINTER & PUBLISHER**
K.P. Ramachandran Nair
Mobile: 94470 17899

---

**PRINTING, COVER DESIGN & LAYOUT**
Rajsree Industrial Printer, Edayar.

**KSSiA NEWS**
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION JULY 2023 ₹ 5.00

## എഡിറ്റോറിയൽ

# നമ്മൾ വ്യവസായ പക്ഷം മാത്രമാണ്



സംഘങ്ങളിലും സംഘടനകളിലും സ്വാഭാവികമായി, അംഗങ്ങൾക്ക് കക്ഷിരാഷ്ട്രീയമോ മതപരമോ ജാതീയമായോ പക്ഷാഭേദങ്ങൾ ഉണ്ടായേക്കാം. എന്നാൽ നമ്മുടെ സംഘടനയെ സംബന്ധിച്ച് ഇതൊന്നുമില്ല. നമ്മൾ വ്യവസായ പക്ഷം മാത്രമാണ്. വ്യവസായ വികസനത്തിലൂടെ മാത്രമേ നാടിനു പുരോഗതി ഉണ്ടാകൂ എന്നത് പരക്കെ അംഗീകരിച്ചിട്ടുള്ള ഒരു യാഥാർത്ഥ്യമാണ്.

എം.എസ്.എം.ഇ. മേഖലയിലെ ഉത്പാദകരായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായികളെ പ്രതിനിധീകരിക്കുന്ന കേരളത്തിലെ സംഘടനയ്ക്ക് പറയാനുള്ളത്, വ്യവസായ സംരംഭകർ ഇന്ന് നേരിടുന്ന ബുദ്ധിമുട്ടുകൾ വളരെയേറെയാണ്. അതിൽ ഏറ്റവും പ്രധാനം, നടപടിക്രമങ്ങൾ പൂർത്തിയാക്കി കിട്ടുന്നതിലെ കാലതാമസം തന്നെ. അതുകൊണ്ടാണ് നടപടിക്രമങ്ങൾ ലഘൂകരിക്കാനായി ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിച്ചത്. ഈ ബോർഡിൽ വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ജിയോളജി വകുപ്പ്, പരിസ്ഥിതി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെയൊക്കെ പ്രതിനിധികൾ അംഗങ്ങളാണ്. അവർ സ്ഥലം പരിശോധിച്ച് നടപടികൾ പൂർത്തിയാക്കിയ ശേഷമാണ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് അനുമതി നൽകുന്നത്.

ഈ ബോർഡിലെ വിദഗ്ധരായ അംഗങ്ങളേക്കാൾ കൂടുതൽ വൈദഗ്ദ്ധ്യം തദ്ദേശ സ്ഥാപനങ്ങളിലെ സെക്രട്ടറിക്കോ ഭരണസമിതിക്കോ ഉണ്ടാകുമെന്ന് സാമാന്യ ബുദ്ധിയുള്ളവർക്ക് വിശ്വസിക്കാനാവില്ല. ഏകജാലക സംവിധാനം എങ്ങനെയാണ് അധികാര വികേന്ദ്രീകരണത്തിനെ ദുർബലമാക്കുന്നത്? അത് സഹായമായി തീരുന്ന ഒന്നാണ്. അതുകൊണ്ടാണ് നിയമപരമായ എല്ലാ അനുമതിയും ലഭിച്ചിട്ടും ക്വാറിക്ക് അനുമതി നൽകാത്ത കാസർകോട് ജില്ലയിലെ ബളാൽ ഗ്രാമ പഞ്ചായത്തിന്റെ നടപടിയിൽ ഹൈക്കോടതി നന്നായി പ്രതികരിച്ചത് 'പഞ്ചായത്തുകൾ നിയമപരമായി ലഭ്യമായ അധികാരങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. പൊതുതാൽപര്യങ്ങളുടെ സംരക്ഷകരാണെന്ന ധാരണയോടെ ഇല്ലാത്ത അധികാരം വിനിയോഗിക്കാൻ ശ്രമിക്കരുത്.' പ്രായോഗിക യുക്തിയും നീതിയും നിറഞ്ഞ ഒരു പ്രതികരണമായിരുന്നു ഇത്.

സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ തീരുമാനങ്ങൾക്ക് എതിരെ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ കോടതികളിൽ പോകരുത് എന്ന് നിർദ്ദേശം വ്യവസായ സംരംഭം വേഗത്തിലാക്കാൻ ഏറെ സഹായകമാണ്. നാം പിന്നിലേക്കൊന്നു ചിന്തിച്ചു നോക്കിയാൽ വ്യവസായ സംരംഭകത്വത്തിന് ഇപ്പോൾ നൽകുന്ന ഈ പ്രോത്സാഹനം വളരെ നേരത്തേ തുടങ്ങിയിരുന്നെങ്കിൽ, കേരളം, വികസന കാര്യത്തിൽ ഇന്ന് സിംഗപ്പൂർ പോലെ ആയി തീരുമായിരുന്നു. ഇനിയും, ഈ വികസന കാഴ്ചപ്പാടുകളുമായി നമുക്ക് മുന്നോട്ട് പോകേണ്ടതുണ്ട്. അതിനു സഹായകമായി ചെയ്യാവുന്നതൊക്കെ പത്രലേഖകരും മീഡിയയും സോഷ്യൽ മീഡിയയും വികസനം സ്വപ്നം കാണുന്നവരുമൊക്കെ ചേർന്ന് ചെയ്യണം എന്ന അഭ്യർത്ഥനയോടെ.

**എസ്. സലിം**
**ചീഫ് എഡിറ്റർ**



# എല്ലാം ശരിയാകും
# സർട്ടിഫിക്കേഷൻ ശരിയാണെങ്കിൽ

ഭക്ഷ്യ ഉൽപാദക സ്ഥാപനങ്ങൾ, ഭക്ഷ്യ സംസ്കരണ കമ്പനികൾ, ഹോട്ടൽ, കാറ്ററിംഗ് സ്ഥാപനങ്ങൾ, എക്സ്പോർട്ടിംഗ് എന്നിങ്ങനെ ചെറുകിട, ഇടത്തരം ബിസിനസുകൾ ഉൾപ്പെടെ ഭക്ഷ്യ വിതരണ ശൃംഖലയിലെ എല്ലാ തരത്തിലുമുള്ള ബിസിനസുകൾക്കും ഭക്ഷ്യ സുരക്ഷാ സർട്ടിഫിക്കേഷൻ ബാധകമാണ്

കൂടുതൽ വിവരങ്ങൾക്ക്

**NATIONAL CENTRE FOR HACCP CERTIFICATION**

2, Vidhya Nagar, Opposite Police Ground,
Thycaud P.O., Thiruvananthapuram - 695014.
Tel: +91 471-2321882 Fax: +91 471-2322883
Email: info@haccpindia.org
www.haccpindia.org

പ്രസിഡൻഷ്യൽ റിപ്പോർട്ട്



# വൈദ്യുതി വിതരണം സ്മാർട്ട് ആവട്ടെ



ജനങ്ങളുടെ പണം കൊണ്ട് മുന്നോട്ടു പോകുന്ന ജനസേവനം മാത്രം ലക്ഷ്യമാക്കേണ്ട കെ.എസ്.ഇ.ബി. ഇപ്പോഴെത്തി നിൽക്കുന്ന സാഹചര്യം വളരെ ഗുരുതരമാണ്. കേരളത്തിലെ എല്ലാ വൈദ്യുതി ഉപഭോക്താക്കളേയും സ്മാർട്ട് മീറ്ററിലേക്ക് മാറ്റുന്ന പദ്ധതി നടപ്പിലാക്കിയില്ലെങ്കിൽ കോടികളുടെ സബ്സിഡി തടയുമെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കി. കേന്ദ്രം പറയുന്ന രീതിയിൽ പദ്ധതി നടപ്പാക്കാൻ സമ്മതിക്കില്ലെന്ന് കെ.എസ്.ഇ.ബി.യിലെ തൊഴിലാളി യൂണിയനുകൾ വ്യക്തമാക്കുന്നു. സംസ്ഥാനത്ത് 37 ലക്ഷം സ്മാർട്ട് മീറ്റർ സ്ഥാപിക്കാനുള്ള വൈദ്യുതി ബോർഡിന്റെ ശ്രമമാണ് യൂണിയനുകളുടെ എതിർപ്പിനെ തുടർന്ന് കുടുങ്ങി കിടക്കുന്നത്. സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കുന്നതിലൂടെ ലഭിക്കുന്ന 3,600 കോടി രൂപയുടെ കേന്ദ്ര സഹായമാണ് ഇതിലൂടെ നഷ്ടപ്പെടുന്നതെന്ന് വിദഗ്ധർ ഉറപ്പിച്ചു പറയുന്നു. സ്മാർട്ട് മീറ്ററിന്റെ ഗുണം ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് പണം നൽകിയാൽ മതി എന്നതാണ്. ഇത് വ്യവസായികൾക്ക് ഏറെ ഗുണകരമാകും. നിലവിൽ വൈദ്യുതി ബില്ലിൽ പല ഓമനപ്പേരുകളിൽ ഈടാക്കി കൊണ്ടിരിക്കുന്ന ഈ തീവെട്ടിക്കൊള്ളക്ക് സ്മാർട്ട് മീറ്റർ പ്രാബല്യത്തിൽ ആവുന്നതോടുകൂടി ഒരവസാനം ഉണ്ടാകും.

സ്മാർട്ട് മീറ്റർ പ്രാബല്യത്തിലാവുമ്പോൾ സമയത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത വൈദ്യുതി നിരക്ക് ഈടാക്കുന്നതിന് നിയമ പ്രാബല്യം നല്കി കേന്ദ്രം ചട്ടങ്ങൾ ഭേദഗതി ചെയ്തിരിക്കുകയാണ്. അനിവാര്യമായ ഈ പരിഷ്കാരം വായ്പയെടുത്താണെങ്കിലും നടപ്പിലാക്കിയില്ലെങ്കിൽ പിന്നീട് ഏകദേശം 10,000 കോടിയുടെ അധിക ചിലവാണ് കെ.എസ്.ഇ.ബി.ക്ക് ഉണ്ടാവുകയെന്ന് വിദഗ്ധർ വിലയിരുത്തുന്നു. ഇക്കാര്യത്തിൽ വൈകുന്ന ഓരോ നിമിഷവും വലിയ വില കൊടുക്കേണ്ടതായി വരും. ഇന്ത്യയിലെ ബാക്കി എല്ലാ സംസ്ഥാനങ്ങളും ഈ സമാർട്ട് മീറ്ററിനെ അനുകൂലിക്കുമ്പോൾ കേരളത്തിൽ തർക്കങ്ങളിലൂടെയും പഴിചാരലുകളിലൂടെയും സ്മാർട്ട് മീറ്റർ പ്രാബല്യത്തിൽ വരുന്നത് തടയാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. രാജ്യത്ത് 18 സംസ്ഥാനങ്ങളിലായി ഇതുവരെ 66.18 ലക്ഷം സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞു. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ 805 സ്മാർട്ട് മീറ്ററുകളും ഈ കണക്കിൽ ഉൾപ്പെടും. എന്നാൽ കേരളത്തിൽ കെ.എസ്.ഇ.ബി.1.32 കോടി സ്മാർട്ട് മീറ്ററുകളാണ് സ്ഥാപിക്കേണ്ടത്. സ്മാർട്ട് മീറ്റർ സംവിധാനം നിർബന്ധമാക്കുന്നതിന്റെ ആദ്യഘട്ടം 2023 ഡിസംബർ 31 നകം പൂർത്തിയാക്കണമെന്ന് കേന്ദ്രം നിഷ്കർഷിക്കുന്നുണ്ട്. തർക്കങ്ങളും അഭിപ്രായ വ്യത്യാസങ്ങളും മാറ്റി വെച്ച് ഈ പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ നല്കുന്ന വിഹിതം അവസരോചിതമായി പ്രയോജനപ്പെടുത്തി കേരളത്തിലെ വൈദ്യുതി വിതരണം സ്മാർട്ട് ആക്കണമെന്നാണ് കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ആവശ്യപ്പെടുന്നത്.

കെ.എസ്.എസ്.ഐ.എ. യുടെ നിരന്തരമായ ഇടപെടലുകളിലൂടെ ഇറങ്ങിയ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ഉത്തരവുകൾക്കെതിരെ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർ കോടതിയിൽ കേസ് ഫയൽ ചെയ്യാൻ പാടുള്ളതല്ല എന്ന സർക്കാരിന്റെ ഉത്തരവ് കെ.എസ്.എസ്.ഐ.എ. സ്വാഗതം ചെയ്യുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പഞ്ചായത്ത് രാജ് ആക്റ്റ്/മുനിസിപ്പാലിറ്റി ആക്റ്റ് പ്രകാരം നല്കേണ്ട വിവിധ പെർമിറ്റുകൾ, ലൈസൻസുകൾ നിരാക്ഷേപ പത്രങ്ങൾ എന്നിവ നല്കുന്ന വിഷയത്തിൽ വിവിധ കാരണങ്ങളാൽ കാലതാമസം നേരിടുന്നതിന്റെ അടിസ്ഥാനത്തിലാണ് കെ.എസ്.എസ്.ഐ.എ. ഇതിന് ഒരു ശാശ്വത പരിഹാരം കാണണമെന്ന് കാണിച്ച് നിവേദനങ്ങൾ നല്കിയത്. ഇതിന്റെ അടിസ്ഥാനത്തിലാണ് ചീഫ് സെക്രട്ടറി തലവനായ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിൽ വിഷയങ്ങൾ ചർച്ച ചെയ്ത് സാദ്ധ്യമായ വഴികളിൽ കൂടി പ്രശ്ന പരിഹാരം കാണുന്നത്. എന്നാൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ തീരുമാനങ്ങൾക്കെതിരായി തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർ കോടതിയിൽ കേസുകൾ ഫയൽ ചെയ്യുന്നത് കെ.എസ്.എസ്.ഐ.എ. മുഖാന്തിരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം ഒരു ഉത്തരവിറങ്ങിയത്. ഇത് കേരളത്തിലെ വ്യവസായ അന്തരീക്ഷം വളരെ മെച്ചപ്പെടുന്നതൊടൊപ്പം സംരംഭകരുടെ ആത്മവിശ്വാസം കൂടി ഊട്ടി ഉറപ്പിക്കുകയും ചെയ്യും.

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**

ISO 9001:2015 COMPANY
INDIGO
Construction Solutions

FROM
FLOORS TO
POOLS

# ഇൻഡിഗോ കൺസ്ട്രക്ഷൻസ്

സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കി
മാറ്റുന്നതിൽ നിങ്ങളുടെ
വിശ്വസ്ത പങ്കാളി.



## Our Services

01 EPOXY FLOORING
02 SWIMMING POOL
03 SPORTS FLOORING
04 WATERPROOFING
05 VDF & CONCRETE POLISHING
06 MOVABLE WALL PARTITION

APPROVED APPLICATORS

Sika | BASF | FOSROC | hardex | XYPEX | HEMPEL | JOTUN | MYK arment | ARDEX ENDURA | DR. FIXIT

INDIGO CONSTRUCTION SOLUTIONS
Corporate Office: Kakkanad | Kochi
Branch Offices: Ernakulam | Calicut
Kottayam | Trivandrum

UAE +971 50201 1600
Qatar +974 33400577
India +91 9656 86 8800

info@indigoin.in | www.indigoin.in
info@newmoonqatar.com | www.newmoonqatar.com




## വോയിസ് ഓഫ് ജനറൽ സെക്രട്ടറി



# എം.എസ്.എം.ഇ. മേഖലയ്ക്ക് പ്രാധാന്യം നല്കി കൊണ്ടുള്ള 14-ാം പഞ്ചവത്സര പദ്ധതിയുടെ കരട് രൂപരേഖ

സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യം വെച്ച് കൊണ്ടുള്ള 2022 ൽ തുടങ്ങി 2027 ൽ അവസാനിക്കുന്ന 14-ാം പഞ്ചവത്സര പദ്ധതിയുടെ കരട് രൂപരേഖ തയ്യാറായി. മുൻകാലങ്ങളിൽ ഉല്പാദന മേഖലയേക്കാൾ കൈത്തറി, കശുവണ്ടി, ഓട്ടുകമ്പനി എന്നിവയായിരുന്നു വ്യവസായ മേഖലയിലെ പ്രധാന ഘടകങ്ങൾ. വ്യവസായ മേഖലയിലെ നിക്ഷേപങ്ങളെക്കുറിച്ചും ഉല്പാദന തോതിനെ സംബന്ധിച്ചുമുള്ള സ്ഥിതി വിവര കണക്കുകൾ അപൂർണ്ണമായിരുന്നു. അടുത്ത കാലത്താണ് ഇതിന് ഒരു മാറ്റം വന്നിരിക്കുന്നത്.

സംസ്ഥാനത്തിന്റെ വികസനത്തിനും വളർച്ചയ്ക്കും ചെറുകിട വ്യവസായങ്ങളുടെ (എം.എസ്.എം.ഇ.) പങ്കിന്റെ പ്രാധാന്യം ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ടുള്ളതാണ് 14-ാം പഞ്ചവത്സര പദ്ധതിയുടെ പഠനങ്ങളും നിർദ്ദേശങ്ങളും. വിവിധ മേഖലകളുടെ പഠനത്തിനു വിധേയമായതിൽ കൂടുതൽ പ്രാധാന്യം നല്കിയിട്ടുള്ളത് എം.എസ്.എം.ഇ. മേഖലയ്ക്കാണ്.

ജനനിബിഡവും സ്ഥലപരിമിതവുമായ നമ്മുടെ സംസ്ഥാനത്ത് അനുയോജ്യമായത് എം.എസ്.എം.ഇ. മേഖലയാണ്. കുറഞ്ഞ മൂലധനം മുടക്കി കൂടുതൽ തൊഴിൽ സൗകര്യങ്ങൾ നല്കുന്നത് ഈ മേഖലയാണ്. ആഭ്യന്തര ഉല്പാദനം 50 ശതമാനവും കയറ്റുമതി രംഗത്ത് 40 ശതമാനവും ഈ മേഖലയിൽ നിന്നുമാണ്.

14-ാം പഞ്ചവത്സര പദ്ധതിയ്ക്ക് രൂപം നല്കുന്നതിന് വ്യവസായ മേഖലയുടെ വികസനത്തിനും വളർച്ചയ്ക്കും ഉതകുന്ന നിർദ്ദേശങ്ങളും ഉപദേശങ്ങളും സ്വരൂപിക്കാൻ രണ്ട് ഉന്നത ഉദ്യോഗസ്ഥരും വ്യവസായവുമായി ബന്ധപ്പെട്ടതുൾപ്പടെയുള്ള വിവിധ മേഖലയെ പ്രതിനിധികരിക്കുന്ന 24 അംഗങ്ങൾ അടങ്ങിയ വർക്കിങ്ങ് ഗ്രൂപ്പിന്റെ നിർദ്ദേശങ്ങൾ ഈ 14-ാം പഞ്ചവത്സര പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന് വളരെ സഹായകരമായിട്ടുണ്ട്. നിക്ഷേപകരെ ആകർഷിക്കുന്നതിന് വിവിധ സഹായ പദ്ധതികളെ സംബന്ധിച്ചും വർക്കിങ്ങ് ഗ്രൂപ്പ് ഊന്നി പറയുന്നുണ്ട്. അനുയോജ്യമായ സ്ഥലം, ഉല്പന്നങ്ങൾ തെരഞ്ഞെടുക്കൽ, മാർക്കറ്റിങ്ങ്, അസംസ്കൃത സാധനങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കൽ, സാമ്പത്തിക ലഭ്യത, നിലവിലുള്ള വ്യവസായങ്ങളുടെ വിപുലീകരണം, പുതിയ സാങ്കേതിക വിദ്യ ലഭ്യമാക്കൽ, തുടങ്ങിയ ഒട്ടേറെ വിഷയങ്ങൾ വർക്കിങ്ങ് ഗ്രൂപ്പിന്റെ ചർച്ചയ്ക്ക് വരികയും നിർദ്ദേശങ്ങളായി സമർപ്പിക്കുകയും ചെയ്തിട്ടുള്ള കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. നിലവിലുള്ള 150 ൽ പരം വ്യവസായ പാർക്കുകൾക്ക് പുറമെ സ്വകാര്യ പാർക്കുകളും സ്ഥാപിക്കുകയും അതിനുള്ള സാമ്പത്തിക സഹായങ്ങളും സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകേണ്ട ആവശ്യകതകളും വർക്കിങ്ങ് ഗ്രൂപ്പിന്റെ നിർദ്ദേശങ്ങൾക്ക് പ്രധാനപ്പെട്ടതാണ്. എം.എസ്.എം.ഇ. അസ്സോയിഷൻ ഉൾപ്പടെയുള്ള വിഭാഗങ്ങളുടെ കൂട്ടായ പ്രവർത്തനം സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് അനിവാര്യമാണെന്നാണ് വർക്കിങ്ങ് ഗ്രൂപ്പ് എടുത്ത് പറയുന്നത്.

2027 ഓടെ വ്യവസായ രംഗത്ത് കേരളം ഇന്ത്യയിലെ ഒന്നാം റാങ്കിൽ എത്തുന്നതിന് 14-ാം പഞ്ചവത്സര പദ്ധതി യുടെ രൂപരേഖയിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങൾ പൂർണ്ണമായും നടപ്പാക്കാൻ എം.എസ്.എം.ഇ. കളെ പ്രതിനിധികരിക്കുന്ന കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷന്റെ പൂർണ്ണ സഹകരണം ഉണ്ടാകും. ■

**പി.ജെ. ജോസ്**
**ജനറൽ സെക്രട്ടറി**

# ചോദ്യോത്തര പംക്തി

**ചോദ്യം: ആശുപത്രി ബില്ലിനോ, അതു പോലെയുള്ള മറ്റു ബില്ലുകൾക്കോ ഇൻപുട്ട് ടാക്സ് എടുക്കുവാൻ കഴിയുമോ?**

**– ജോർജ്ജ്, ഇടുക്കി**

**ഉത്തരം:**

ജി.എസ്.റ്റി. രജിസ്ട്രേഷൻ ഉള്ളവർക്ക് ഇൻവാർഡ് സപ്ലൈകളിന്മേൽ ലഭ്യമായിട്ടുള്ള ഒന്നാണ് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്. പക്ഷേ എല്ലാ ഇൻവാർഡ് സപ്ലൈകളിന്മേലും ജി.എസ്.റ്റി. രജിസ്റ്റേഡ് വ്യക്തികൾക്ക് ലഭ്യമായ ഒന്നല്ല ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്. ഇൻപുട്ട് ടാക്സ് എടുക്കുന്നതിനായി പാലിക്കേണ്ട നിഷ്ക്കർഷതകൾ CGST/SGST ആക്റ്റിന്റെ സെക്ഷൻ 16–ൽ പറയുന്നു. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്നതിനുമേലുള്ള നിയന്ത്രണങ്ങൾ സെക്ഷൻ 17–ലും പറയുന്നു. സെക്ഷൻ 17–ന്റെ സബ് സെക്ഷൻ (5) ൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമല്ലാത്ത ഇൻവാർഡ് സപ്ലൈകളുടെ പട്ടികയും നൽകപ്പെട്ടിരിക്കുന്നു. ഇവിടെ ചോദിച്ചിരിക്കുന്നത് സെക്ഷൻ 17 സബ്–സെക്ഷൻ (5) ക്ലോസ് (g) എന്ന വകുപ്പാണ്.

**വായനക്കാർക്ക് ഉപകരിക്കാനായി സെക്ഷൻ 17 (5) –ന്റെ ലളിത മലയാള പരിഭാഷ താഴെ നൽകുന്നു.**

**സെക്ഷൻ 17 (5)**

(5) സെക്ഷൻ 16 (1)– ലും 18 (1)–ലും പറഞ്ഞിരിക്കുന്ന ഏതൊരു കാര്യത്തിനും ഉപരിയായി, താഴെ പറയുന്ന കാര്യങ്ങളുടെ പേരിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമായിരിക്കുന്നതല്ല.

(a) ഡ്രൈവറുൾപ്പടെ 13 പേരിൽ കൂടാതെ അംഗീകൃത സിറ്റിങ്ങ് കപ്പാസിറ്റിയുള്ള, മനുഷ്യ സഞ്ചാരത്തിനായുള്ള മോട്ടോർ വാഹനങ്ങളുടെ പേരിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമായിരിക്കുന്നതല്ല, ആ വാഹനങ്ങൾ താഴെ പറയുന്ന നികുതിബാധക സപ്ലൈകൾ നൽകാൻ ഉപയോഗിക്കപ്പെടുന്ന സമയങ്ങളിൽ ഒഴികെ (അതായത്, പൊതുവെ ആ വാഹനങ്ങൾ വാങ്ങിയാൽ അതിന്റെ പേരിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമല്ല. എങ്കിലും താഴെ പറയുന്ന നികുതിബാധക സപ്ലൈകൾ നൽകാൻ ആ വാഹനങ്ങൾ ഉപയോഗി ക്കുന്ന സമയങ്ങളിൽ ആ വാഹനങ്ങളുടെ പേരിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണ് എന്നർത്ഥം:–

(A) അത്തരം മോട്ടോർ വാഹനങ്ങളുടെ തുടർന്നുള്ള സപ്ലൈ, അല്ലെങ്കിൽ

(B) സഞ്ചാരികളെ കൊണ്ടു പോകൽ, അല്ലെങ്കിൽ

(C) അത്തരം മോട്ടോർ വാഹനങ്ങൾ ഓടിക്കുവാനുള്ള പരിശീലനം നൽകൽ;

(aa) **കപ്പലുകളുടെയും വിമാനങ്ങളുടെയും പേരിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമായിരിക്കുന്നതല്ല. അവ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാൻ ഉപയോഗിക്കപ്പെടുന്ന സമയങ്ങളിൽ ഒഴികെ** (അതായത് പൊതുവേ കപ്പലുകളുടെയും വിമാനങ്ങളുടെയും പേരിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമല്ല. എങ്കിലും കപ്പലുകളും വിമാനങ്ങളും താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാൻ ഉപയോഗിക്കുന്ന സമയങ്ങളിൽ അവയുടെ പേരിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണ് എന്ന് അർത്ഥം:–

(i) താഴെ പറയുന്ന നികുതി ബാധക സപ്ലൈകൾ നടത്താൻ ഉപയോഗിക്കപ്പെടുമ്പോൾ:

(A) അത്തരം കപ്പലുകളുടെയോ വിമാനങ്ങളുടെയോ തുടർന്നുള്ള സപ്ലൈ, അല്ലെങ്കിൽ

(B) സഞ്ചാരികളെ കൊണ്ടു പോകൽ, അല്ലെങ്കിൽ

(C) അത്തരം കപ്പലുകൾ ഓടിക്കുവാനുള്ള പരിശീലനം നൽകൽ; അല്ലെങ്കിൽ

(D) അത്തരം വിമാനങ്ങൾ പറപ്പിക്കുവാനുള്ള പരിശീലനം നൽകൽ;

(ii) ഗുഡ്സ് കൊണ്ടു പോകുന്നതിനായി ഉപയോഗിക്കപ്പെടുമ്പോൾ:

(ab) ക്ലോസ് (a) ലും, (aa)–ലും പറഞ്ഞിരിക്കുന്ന മോട്ടോർ വാഹനങ്ങൾ, കപ്പലുകൾ, വിമാനങ്ങൾ, എന്നിവയെ സംബന്ധിച്ച ജനറൽ ഇൻഷുറൻസ്, സർവ്വീസിങ്ങ്, റിപ്പെയർ ആൻഡ് മെയിന്റനൻസ് എന്നീ സർവീസുകൾ.

**പ്രൊവൈസോ:** എന്നിരുന്നാലും, താഴെ പറയുന്ന സാഹചര്യങ്ങളിൽ അത്തരം സർവീസുകളെ സംബന്ധിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമായിരിക്കുന്നതാണ്.

(i) ക്ലോസ് (a) ലോ, (aa)–ലോ പറഞ്ഞിരിക്കുന്ന മോട്ടോർ

വാഹനങ്ങൾ, കപ്പലുകൾ, വിമാനങ്ങൾ, എന്നിവ ആ ക്ലോസുകളിൽ പറഞ്ഞിരിക്കുന്ന ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുന്ന സാഹചര്യങ്ങളിൽ;

(ii) അത്തരം വാഹനങ്ങൾ/കപ്പലുകൾ/വിമാനങ്ങൾ, എന്നിവ താഴെ പറയുന്ന കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഒരു നികുതിബാധക വ്യക്തി സ്വീകരിക്കുന്ന സാഹചര്യങ്ങളിൽ;

(I) അത്തരം മോട്ടോർ വാഹനങ്ങൾ/കപ്പലുകൾ/ വിമാനങ്ങൾ, എന്നിവയുടെ വ്യവസായത്തിൽ (manufacture) ഏർപ്പെട്ടിരിക്കുന്ന വ്യക്തി; അല്ലെങ്കിൽ,

(II) താൻ ഇൻഷ്വർ ചെയ്ത മോട്ടോർ വാഹനങ്ങൾ/കപ്പലുകൾ/ വിമാനങ്ങൾ, എന്നിവയുമായി ബന്ധപ്പെട്ട ജനറൽ ഇൻഷുറൻസ് സർവീസുകൾ സപ്ലൈ ചെയ്യുന്ന വ്യക്തി.

(b) **താഴെ പറയുന്ന ഗുഡ്സ്/സർവീസ് സപ്ലൈകൾ**

(i) ഭക്ഷണ പാനീയങ്ങൾ, ഔട്ട്ഡോർ കാറ്ററിങ്ങ്, സൗന്ദര്യ സംരക്ഷണം, ആരോഗ്യ സംബന്ധമായ സേവനങ്ങൾ, കോസ്മെറ്റിക് ആൻഡ് പ്ലാസ്റ്റിക് സർജറി, ക്ലോസ് (a) ലോ, (aa)– ലോ പ്രതിപാദിച്ചിരിക്കുന്ന മോട്ടോർ വാഹനങ്ങളോ കപ്പലുകളോ വിമാനങ്ങളോ, ആ ക്ലോസുകളിൽ പറഞ്ഞിരിക്കുന്ന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനല്ലാതെ ലീസിനു നൽകുകയോ വാടകയ്ക്കു നൽകുകയോ ഹയറിന് നൽകുകയോ ചെയ്യൽ, ലൈഫ് ഇൻഷുറൻസ്, ആരോഗ്യ ഇൻഷുറൻസ്.

**പ്രൊവൈസോ:** ഒരു രജിസ്റ്റേഡ് വ്യക്തി മേൽപ്പറഞ്ഞ ഗുഡ്സ്/സർവീസുകളുടെ ഇൻവാർഡ് സപ്ലൈ, അതേ വിഭാഗം ഗുഡ്സ്/ സർവീസുകളുടെ ഇൻവാർഡ് സപ്ലൈ, അതേ വിഭാഗം ഗുഡ്സ്/സർവീസുകളുടെ ഔട്ട് വാർഡ് സപ്ലൈ നടത്തുവാനോ, അല്ലെങ്കിൽ ഒരു നികുതിബാധക കോംപൊസിറ്റ് സപ്ലൈയുടെയോ മിക്സഡ് സപ്ലൈയുടെയോ ഒരു ഘടകമായിട്ടോ ആണ് ഉപയോഗിക്കുന്നതെങ്കിൽ ആ ഗുഡ്സ്/സർവീസിനെ സംബന്ധിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമായിരിക്കുന്നതാണ്;

(ii) ഒരു ക്ലബ്ബിന്റെയോ ഹെൽത്ത് ആന്റ് ഫിറ്റ്നസ്സ് സെന്ററിന്റെയോ അംഗത്വം; കൂടാതെ

(iii) വെക്കേഷൻ സമയത്ത് തൊഴിലാളികൾക്ക് നൽകുന്ന അവധി അല്ലെങ്കിൽ വീട്ടിലേക്കുള്ള യാത്രയിന്മേലുള്ള ഇളവ് പോലെയുള്ള യാത്രാ ബെനിഫിറ്റുകൾ:

പ്രൊവൈസോ: ഒരു തൊഴിൽദാതാവിന്, തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിനു കീഴിൽ മേൽപ്പറഞ്ഞ ഗുഡ്സ്/സർവീസ് തൊഴിലാളികൾക്ക് നൽകുവാൻ ബാധ്യതയുള്ള സാഹചര്യങ്ങളിൽ, ആ ഗുഡ്സ്/സർവീസ് സംബന്ധിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ആ തൊഴിൽ ദാതാവിന് ലഭ്യമായിരിക്കുന്നതാണ്.

(c) ഒരു സ്ഥാവര വസ്തുവിന്റെ പ്ലാന്റ് ആന്റ് മെഷിനറി അല്ലാത്ത സ്ഥാവര വസ്തുവിന്റെ നിർമ്മാണത്തിനായി സപ്ലൈ ചെയ്യുന്ന വർക്സ് കോൺട്രാക്റ്റ് സർവീസുകൾ, അവ തുടർന്നുള്ള വർക്ക് കോൺട്രാക്റ്റ് സർവീസുകൾക്കായുള്ള ഇൻപുട്ട് സർവീസ് ആയി സപ്ലൈ ചെയ്യുന്ന സാഹചര്യങ്ങളിലൊഴികെ;

(d) ഒരു നികുതി ബാധക വ്യക്തി ഒരു സ്ഥാവരവസ്തുവിന്റെ (പ്ലാന്റ് ആന്റ് മെഷീനറി അല്ലാത്ത സ്ഥാവര വസ്തുവിന്റെ) നിർമ്മാണത്തിനായി സ്വന്തം നിലയിൽ സ്വീകരിക്കുന്ന ഗുഡ്സ്/സർവീസുകൾ, അങ്ങനെ സ്വീകരിക്കുന്ന ഗുഡ്സ്/ സർവീസുകൾ ബിസിനസിന്റെ ഗതിയിലോ ബിസിനസ് മുന്നോട്ടു കൊണ്ടു പോകുന്നതിന്റെ ഭാഗമായോ ഉപയോഗിക്കപ്പെടുന്ന സാഹചര്യത്തിൽ ഉൾപ്പടെ.

**വിശദീകരണം:** ക്ലോസ് (c)–യെയും, (d)– യെയും സംബന്ധിച്ചിടത്തോളം സ്ഥാവര വസ്തുവിന്റെ മേലുള്ള നിർമ്മാണം എന്ന പദപ്രയോഗത്തിൽ ക്യാപിറ്റലൈസ് ചെയ്യപ്പെടുന്നത്രയും പുനർനിർമ്മാണം, നവീകരണം, കൂട്ടിച്ചേർക്കലുകൾ, മാറ്റങ്ങൾ, അറ്റകുറ്റപ്പണികൾ എന്നിവയും ഉൾപ്പെടുന്നു.

(e) സെക്ഷൻ 10 – നു കീഴിൽ നികുതിയടയ്ക്കപ്പെട്ട ഗുഡ്സ്/ സർവീസുകൾ;

(f) ഒരു നോൺ–റെസിഡന്റ് നികുതി ബാധക വ്യക്തിയ്ക്ക് ലഭിച്ച ഗുഡ്സ്/ സർവീസുകൾ, അയാൾ ഇംപോർട്ട് ചെയ്ത ഗുഡ്സിനു മേൽ ലഭിച്ച ഗുഡ്സ്/സർവീസുകൾ ഒഴികെയുള്ളവ;


(g) വ്യക്തിപരമായ ഉപഭോഗത്തിനായി ഉപയോഗിച്ച ഗുഡ്സ്/ സർവീസുകൾ;

(h) നഷ്ടപ്പെട്ടതോ, മോഷ്ടിക്കപ്പെട്ടതോ, നശിപ്പിക്കപ്പെട്ടതോ, എഴുതിത്തള്ളപ്പെട്ടതോ, സമ്മാനമായോ, സൗജന്യ സാമ്പിളുകളായോ വിക്രയം ചെയ്യപ്പെട്ടതോ, ആയ ഗുഡ്സ്; കൂടാതെ,

(i) സെക്ഷൻ 74 ന്റെയോ 129 ന്റെയോ, 130 ന്റെയോ വകുപ്പുകൾക്ക് അനുസൃതമായി അടച്ച ഏതെങ്കിലും നികുതി. ■

**അഡ്വ. കെ. എസ്. ഹരിഹരൻ**
**ജി. എസ്. റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ**
9846227555, 7902443188, 7907000401





# വ്യവസായ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ കവർ ചെയ്യാനാകും

വിശ്വനാഥൻ ഒടാട്ട്

ഒരു വ്യവസായ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്ന ജീവനക്കാരുടെ റിസ്കുകൾ വളരെ വലുതാണ്. പണം, ചെക്കുകൾ, ഡ്രാഫ്റ്റുകൾ, മുതലായവ തിരിമറി നടത്തുക, അക്കൗണ്ടുകളിൽ കൃത്രിമം കാണിച്ച് പണം തട്ടിയെടുക്കുക എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഇത്തരം സാഹചര്യങ്ങൾ മൂലമുണ്ടായേക്കാവുന്ന സാമ്പത്തിക നഷ്ടങ്ങൾ നികത്താനുള്ള പോളിസിയാണ് ഫിഡലിറ്റി ഗ്യാരണ്ടി ഇൻഷൂറൻസ്. വ്യവസായ സ്ഥാപനങ്ങളിലെ പ്രത്യേകിച്ച് അക്കൗണ്ട്സ്/ഫൈനാൻസ് എന്നിവ കൈകാര്യം ചെയ്യുന്നവരെയാണ് ഇത്തരത്തിൽ ഇൻഷൂർ ചെയ്യേണ്ടത്. ജീവനക്കാരെ പേര്, തൊഴിൽ എന്നിവ രണ്ടും രേഖപ്പെടുത്തിയും, അല്ലാതെയും ഇൻഷൂർ ചെയ്യാം. ജീവനക്കാർ വളരെ കൂടുതലുള്ള സ്ഥാപനങ്ങളിലാണങ്കിൽ പേര് കൊടുക്കാതെ തൊഴിൽ മാത്രം രേഖപ്പെടുത്തിയും ഇൻഷൂർ ചെയ്യാം. ഓരോ തരം തൊഴിലിനും/ജീവനക്കാരനും എത്രത്തോളം തുകക്കാണ് കവർ ചെയ്യേണ്ടതെന്ന് മുൻകൂട്ടി നിശ്ചയിച്ചിരിക്കണം. ഇത് നിശ്ചയിച്ചിരിക്കുമ്പോൾ അവർ എത്രമാത്രം തിരിമറി നടത്താൻ സാദ്ധ്യതയുണ്ടെന്ന് മുൻക്കൂട്ടി പരിഗണിക്കേണ്ടതുണ്ട്. ജീവനക്കാരൻ കമ്പനിയിൽ നിന്ന് പിരിഞ്ഞു പോയ ശേഷം ഒരു വർഷത്തിനുള്ളിൽ ഇടപാടുകളിൽ തിരിമറി നടത്തിയെന്ന് കണ്ടു പിടിച്ചാൽ നഷ്ടപരിഹാരം ലഭിക്കാൻ തൊഴിലുടമക്ക് അർഹതയുണ്ട്. മേൽ പറഞ്ഞ റിസ്കുകൾ കവർ ചെയ്യാനായി നമുക്ക് ഫിഡലിറ്റി ഗ്യാരണ്ടി ഇൻഷുറൻസ് ഒരു സഹായഹസ്തമായിരിക്കും.

രണ്ടാമതായി വ്യവസായ സ്ഥാപനങ്ങളിൽ നേരിടുന്ന റിസ്കുകളിൽ സെയ്ഫിൽ വെച്ച പണം മോഷണം പോവുക, കൗണ്ടറിൽ വെച്ച പണം നഷ്ടപ്പെടുക, ബാങ്കിൽ നിന്നും പണം കമ്പനിയിലേക്ക് കൊണ്ടുവരിക, ബാങ്കിലേക്ക് പണം തിരിച്ചു കൊണ്ടു പോവുക എന്നീ സാഹചര്യങ്ങളിൽ ഉണ്ടായേക്കാവുന്ന നഷ്ടങ്ങളാണ് ക്യാഷ് ഇൻഷുറൻസ് പോളിസിയിൽ കവർ ചെയ്യുന്നത്. ഇൻഷൂർ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇവയാണ്. ക്യാഷ് കണക്കുകളിൽ ശരിയായി ഉണ്ടെന്ന് ഉറപ്പു വരുത്തുക. ഇൻഷുർ ചെയ്യുമ്പോൾ സെയ്ഫിലുണ്ടായേക്കാവുന്ന തുക, കൗണ്ടറിൽ സാധാരണ കാണുന്ന തുക, പണം ബാങ്കിലേക്ക് കൊണ്ടു പോവുക, കൊണ്ടു വരിക എന്നീ സാഹചര്യങ്ങളിൽ ഉണ്ടായേക്കാവുന്ന പരമാവധി തുക, ക്യാഷ് കൊണ്ടു പോവുന്ന തവണകൾ, എന്നിവ പ്രൊപ്പോസൽ ഫോമിൽ ശരിയായി കാണിച്ചിരിക്കണം. ക്യാഷ് ആര്, എപ്പോൾ, എങ്ങിനെ കൊണ്ടു പോവുന്നു എന്നതും പ്രധാനപ്പെട്ട ഒന്നാണ്. വ്യവസായ സ്ഥാപനത്തിലെ സെക്യൂരിറ്റി സംവിധാനങ്ങൾ, സ്ട്രോങ്ങ് റൂം, സെയ്ഫ് ബർഗ്ലർ അലാറം, ക്യാമറ വാച്ച്മേൻ തുടങ്ങിയവയും കഴിഞ്ഞ കാലങ്ങളിലുണ്ടായ ക്ലെയിം എന്നിവയും പരിഗണിച്ച ശേഷമായിരിക്കും പ്രീമിയം തുക നിശ്ചയിക്കുന്നത്. ഏതായാലും ഒരു വ്യവസായി നേരിടുന്ന സാമ്പത്തിക കഷ്ടനഷ്ടങ്ങൾ ഒരു പരിധിവരെ സംരക്ഷിക്കാൻ മുകളിൽ കൊടുത്ത രണ്ടു പോളിസികളിലൂടെ കവർ ചെയ്യും. ■

**എയിംസ് ഇൻഷൂറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർ ആണ് ലേഖകൻ. ✆ 9895768333**



ടി.എസ്. ചന്ദ്രൻ



# ഒരു ഭവനം, ഒരു സംരംഭം

## 4% പലിശയ്ക്ക് വായ്പ ബാക്കി പലിശ സർക്കാർ നല്കും

ചെറിയ സംരംഭങ്ങൾക്ക് പലിശ സബ്സിഡി നൽകുന്ന ഒരു മികച്ച പദ്ധതി പ്രഖ്യാപിച്ചിരിക്കുകയാണ് സർക്കാർ. സംരംഭക വർഷം പ്രമാണിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഒരു പദ്ധതിയാണിത്. ഒരു ഭവനം ഒരു സംരംഭം എന്നതാണ് ഇതിന്റെ പേര്. ഇത് സംബന്ധിച്ച് ജൂലൈ 22 ന് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഏതു മേഖലയിൽ ആയിരുന്നാലും പുതുതായി സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് വലിയ ആശ്വാസം പകരുന്ന ഒരു പദ്ധതിയാണിത്.

### ആനുകൂല്യങ്ങൾ ഇങ്ങനെ

- 10 ലക്ഷം രൂപയിൽ താഴെ വായ്പ എടുത്ത് ഒരു സംരംഭം തുടങ്ങുമ്പോൾ സംരംഭകർ നൽകേണ്ടി വരുന്ന പലിശ 4 ശതമാനമായിരിക്കും. ബാക്കി വരുന്ന പലിശ സർക്കാർ നൽകും. ഇത് പരമാവധി 5 ശതമാനം വരെ ആയിരിക്കും. (6 ശതമാനം പലിശ സർക്കാർ തിരികെ തരും)
- ഈ ആനുകൂല്യം 5 വർഷത്തേക്ക് ലഭിക്കും. 2022 ഏപ്രിൽ 1 ന് ശേഷം വായ്പ എടുത്തവർക്ക് പ്രയോജനം കിട്ടും.
- ഇതിന്റെ 50 ശതമാനം ഗുണഭോക്താക്കൾ വനിതകൾ ആയിരിക്കണം.
- 45 വയസിൽ താഴെയുള്ള സംരംഭകർ, വിമുക്തഭടൻ, എസ്.സി/എസ്.എസ്ടി., അംഗപരിമിതർ, എന്നിവർക്ക് മുൻഗണന ലഭിക്കും.
- സാധാരണ വ്യവസായം/സേവനം ചെയ്യുന്ന സംരംഭകർക്ക് മാത്രമേ ഇത്തരം ആനുകൂല്യങ്ങൾ, നൽകാറുള്ളൂ. എന്നാൽ ഒരു ഭവനം ഒരു സംരംഭം പദ്ധതിയിൽ കച്ചവടത്തിനും, ജോബ് വർക്ക്സിനും ഈ ആനുകൂല്യം ലഭിക്കും.

### ആനുകൂല്യം ലഭിക്കുന്ന ഘടകങ്ങൾ

പ്ലാന്റ് മെഷിനറികൾ, ഉപകരണങ്ങൾ, ഇലക്ട്രിഫിക്കേഷൻ, ജിഗ്സ്, ഓഫീസ് ഉപകരണങ്ങൾ/ഫർണിച്ചറുകൾ എന്നിയ്ക്ക് അർഹത.

പ്രവർത്തന മൂലധന വായ്പയ്ക്കും ആനുകൂല്യം ലഭിക്കും. എന്നാൽ ഇത് പദ്ധതി ചെലവിന്റെ 50 അധികരിക്കൽ പാടില്ല.

### ഓൺലൈൻ രജിസ്ട്രേഷൻ

ഓൺലൈൻ ആയി വേണം അപേക്ഷ സമർപ്പിക്കുവാൻ. സംരംഭകന്റെ കെ.എസ്.ഇ.ബി., ഉദ്യം രജിസ്ട്രേഷൻ, പ്രോജക്റ്റ് റിപ്പോർട്ട്, വായ്പ അനുവദിച്ച കത്ത് തുടങ്ങിയ രേഖകൾ സമർപ്പിച്ച് രജിസ്ട്രേ ഷന് നടത്തുകയാണ്ആദ്യ നടപടി.

ആനുകൂല്യത്തിനുള്ള അപേക്ഷ അതിന് ശേഷം സമർപ്പിക്കാനാകൂ. ബാങ്കിന്റെ വായ്പ വിതരണം, തിരിച്ചടവ്, ശുപാർശ എന്നി വിവരങ്ങളാണ് ആനു കൂല്യത്തിനായി സമർപ്പിക്കേണ്ടത്. വാർഷിക പലിശയാണ് സർക്കാർ നൽകുക.

വായ്പാ പാസാക്കി 3 മാസത്തിനുള്ളിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കണം. എന്നാൽ ഒരു വർഷം വരെയുള്ള അപേക്ഷകളും മാപ്പാക്കി പരിഗണിക്കും.

### താലൂക്ക് വ്യവസായ ഓഫീസ് വഴി

താലൂക്ക് വ്യവസായ ഓഫീസുകൾ വഴി ഇതിനുള്ള നടപടികൾ പൂർത്തിയാക്കാം. പ്രാഥമിക ശുപാർശ സമർപ്പിക്കുന്നത് ഈ ഓഫീസറാണ്. ആനുകൂല്യങ്ങൾ അനുവദിച്ചത് വിതരണം നടത്തുന്നത് അതാത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ആണ്. 15 ദിവസത്തിനുള്ളിൽ സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ തീരുമാനം എടുത്തിരിക്കണം എന്നും ഉത്തരവിൽ പറയുന്നുണ്ട്. ബന്ധപ്പെട്ട ധനകാര്യ സ്ഥാപനം വഴി മാത്രമേ ആനുകൂല്യങ്ങൾ വിതരണം ചെയ്യുക. ജനറൽ മാനേജരുടെ തീരുമാനത്തിൽ അതൃപ്തിയുണ്ടെങ്കിൽ 30 ദിവസത്തിനുള്ളിൽ അപ്പീൽ നൽകണം. വ്യവസായ വാണിജ്യ ഡയറക്ടർക്കാണ് ഇത് നൽകേണ്ടത്.

### ഈ പദ്ധതി മികച്ചതാകുന്നത് രണ്ട് കാരണങ്ങളാലാണ്.

1. കച്ചവടം നടത്തുന്നതിന് ആനുകൂല്യം കിട്ടും.
2. 5 വർഷം തുടർച്ചയായി ലഭിക്കുന്നു.

എന്നാൽ ഫാം സെക്റ്ററിനെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി യിരുന്നെങ്കിൽ പദ്ധതി കുറച്ച് കൂടി മികച്ചതാകാമായിരുന്നു. സർക്കാരിന് ഇക്കാര്യം ഇനിയും പരിഗണിക്കാവുന്നതേയുള്ളൂ.■

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**



സുരജ് എസ്.



# മെയ്ഡ് ഇൻ കേരള ലോകത്തിനു മുന്നിൽ കേരളത്തെ അടയാളപ്പെടുത്തും

ലോകത്തിന്റെ കോണിലും ഒരു മലയാളി ഉണ്ടാകും. തമാശ രൂപേണ പറഞ്ഞു വയ്ക്കുന്നതാണെങ്കിൽ കൂടി പറഞ്ഞതിൽ ഒരൽപം സത്യം ഇല്ലേ എന്ന് ലോകസഞ്ചാരികൾ ചോദിച്ചാൽ അത്ഭുതപ്പെടേണ്ട കാര്യമൊന്നുമില്ല. അങ്ങ് ചന്ദ്രനിൽ ചായക്കട തുടങ്ങിയാൽ അതും നമ്മുടെ മലയാളികളായിരിക്കുമെന്ന് മുൻപേ തന്നെ ആരെല്ലാമോ പറഞ്ഞു വച്ചതാണ്. സംഗതികൾ ഇങ്ങനെയൊക്കെയാണെങ്കിലും മലയാളികളെ ലോകത്തിന്റെ ഏതു കോണിലും കാണാൻ സാധിക്കുമെങ്കിലും കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങളെ കണ്ടു കിട്ടാൻ ഒരൽപം നെട്ടോട്ടമോടണം എന്നതാണ് സത്യം. അതിരില്ലാത്ത ആകാശം പോലെ വിശാലമായ ലോകവിപണിയിൽ കേരള ഉൽപ്പന്നങ്ങൾക്ക് ഇനിയും




ശക്തമായി അറിയിക്കാൻ സാധിച്ചിട്ടില്ല എന്നത് സത്യസന്ധമായ വസ്തുതയാണ്. എന്നാൽ കേരളത്തിലെ ഏതൊരു സാധാരണ സംരംഭകനും തങ്ങളുടെ ഏറ്റവും ചെറിയ ഉൽപ്പന്നത്തെ പോലും ലോകവിപണിക്ക് മുന്നിൽ അഭിമാനത്തോടെ അവതരിപ്പിക്കാൻ അവസരമൊരുങ്ങുകയാണ്. 'മെയ്ഡ് ഇൻ കേരള' എന്ന കേരള ബ്രാൻഡിങ്ങിലൂടെ.

# എന്താണ് കേരള ബ്രാൻഡ്..?

**കേരളത്തിൽ നിന്നുള്ള തദ്ദേശീയ തദ്ദേശീയ ഉൽപ്പന്നങ്ങൾ ആഭ്യന്തര, അന്തർദേശീയ തലങ്ങളിൽ വിപണനം ചെയ്യാൻ ലക്ഷ്യമിട്ട് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് 'മെയ്ഡ് ഇൻ കേരള' കേരളത്തിൽ ബ്രാൻഡ്. സംസ്ഥാനത്ത് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനും. വിപണനം പ്രോത്സാഹിപ്പിക്കാനും കേരള ബ്രാൻഡിംഗിലൂടെ സാധിക്കും. തനതായ എം.എസ്.എം.ഇ ഉൽപ്പന്നങ്ങൾക്ക് സർക്കാർ തലത്തിൽ ബ്രാൻഡ് ഉൽപന്നങ്ങളുടെ ഗുണ നിലവാരവും ലഭ്യതയും ഉറപ്പാക്കും. വിപണി എളുപ്പത്തിൽ കണ്ടെത്താനുള്ള സാധ്യതയും വർധിപ്പിക്കും. ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ തിരിച്ചറിയാനുള്ള ഉപാധിയായി കേരള ബ്രാൻഡ് വർദ്ധിപ്പിച്ച് വിദേശ വിപണികളിൽ എത്തിക്കുമ്പോൾ മികച്ച കേരളീയ ഉത്പന്നങ്ങൾക്ക് ആധിപത്യം ഉറപ്പിക്കാൻ സാധിക്കും.**

**സംസ്ഥാന സർക്കാരിന്റെ 'കേരള ബ്രാൻഡ്' സർട്ടിഫിക്കേഷൻ ലഭിച്ചാൽ 'മെയ്ഡ് ഇൻ കേരള' എന്ന ബ്രാൻഡിൽ കേരളീയർക്ക് ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കാം. ഇതിനുള്ള നടപടിക്രമങ്ങൾ സംസ്ഥാന സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് 'മൈഡ് ഇൻ കേരള' എന്ന ബ്രാൻഡിൽ ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കാൻ കഴിയും. ഇതുവഴി കുറഞ്ഞ ചെലവിൽ മികച്ച വിപണി മൂല്യം തങ്ങളുടെ സംരംഭത്തിന് ഉറപ്പാക്കാനാകും.**



## നേട്ടം നൽകും കേരള ബ്രാൻഡ്

- കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ തൊഴിലാളികൾക്ക് ആഭ്യന്തര, അന്തർദേശീയ തലങ്ങളിൽ 'മെയ്ഡ് ഇൻ കേരള' ബ്രാൻഡിൽ വിപണനം ചെയ്യാൻ കഴിയും.
- സൗജന്യ ഡിജിറ്റൽ മാർക്കറ്റ് പ്രോത്സാഹനവും ഇ മാർക്കറ്റ് പ്ലേസുകളിൽ സൗജന്യ പ്രമോഷനുകളും.
- ഗുണമേന്മ സർട്ടിഫിക്കേഷനുകൾ ലഭിക്കുന്നതിനും അതുവഴി കയറ്റുമതി നേടുന്നതിനും സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നു.
- സ്വന്തമായി ഒരു ബ്രാൻഡ് ഉണ്ടാക്കി വലിയ പരസ്യങ്ങൾ നൽകി വിപണി പിടിക്കാൻ കഴിയാത്ത ചെറുകിട സംരംഭകരെ അതിന് പ്രാപ്തരാക്കുന്നു.
- നിലവിലുള്ള സ്കീമുകൾ, പുതിയ വ്യവസായ നയം, ഫണ്ടിംഗ് സ്കീമുകൾ എന്നിവയുമായി ബന്ധിപ്പിച്ചിട്ടുള്ള അധിക ആനുകൂല്യങ്ങൾക്ക് സംരംഭങ്ങൾക്ക് മുൻഗണന ലഭിക്കും.
- വിപണി കൂടുതൽ വിപുലമാക്കാനും മികച്ച ഉപഭോക്തൃ അടിത്തറ ഉണ്ടാക്കിയെടുക്കാനും സാധിക്കും.
- അന്താരാഷ്ട്ര വ്യാപാര മേളകളിലും വിപണന എക്സ്പോകളിലും പ്രദർശിപ്പിക്കുന്നതിന് പദ്ധതികൾ പരിഗണിക്കും.
- ലോക മലയാളികളുടെ ഇടയിൽ അതിവേഗം പ്രചാരം നേടാനും അതിനുള്ള മൂല്യം ഉയർത്താനും കഴിയും.

## കൃത്യമായും മാനദണ്ഡങ്ങൾ പാലിക്കണം

സംസ്ഥാനത്ത് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും 'മെയ്ഡ് ഇൻ കേരള' ബ്രാൻഡിംഗ് നേടുന്നതിനും സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് കൃത്യമായ മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും സംരംഭകർക്കായി നൽകിയിട്ടുണ്ട്.

അസംസ്കൃത വസ്തുക്കൾ കേരളത്തിൽ നിന്നു തന്നെ സംഭരിക്കുന്നവ ആയിരിക്കണം, നിർമ്മിക്കുന്നത് കേരളത്തിൽ ആയിരിക്കണം, ബാലവേല പാടില്ല, സ്ത്രീ തൊഴിലാളികൾക്ക് പങ്കാളിത്തം ഉണ്ടാകണം, സുരക്ഷിതമായ ജോലിസ്ഥലങ്ങൾ ഒരുക്കണം എന്നിവയൊക്കെയാണ് 'മെയ്ഡ് ഇൻ കേരള' സർട്ടിഫിക്കേഷൻ ലഭിക്കാനുള്ള മാനദണ്ഡങ്ങളിൽ ചിലത്. സാങ്കേതികത, പരിസ്ഥിതി സൗഹൃദം, ഹരിതോർജ്ജം, സാമൂഹിക ഉത്തരവാദിത്വം എന്നിവ നിറവേറ്റുന്നത് പോലെയുള്ള പ്രാഥമിക ഘടകങ്ങളും കേരള ബ്രാൻഡ് മുന്നോട്ടു വയ്ക്കുന്നുണ്ട്.

സംരംഭങ്ങൾക്ക് പുറമേ, വിവിധ വകുപ്പുകൾക്കോ സ്ഥാപനങ്ങൾക്കോ തങ്ങളുടെ മേഖലകളുമായി ബന്ധപ്പെട്ട ഉത്പന്നങ്ങളോ സേവനങ്ങളോ കേരള ബ്രാൻഡിന് കീഴിൽ അവതരിപ്പിക്കാൻ കഴിയും. ഇവ വിപണിയിൽ നിലവിലുള്ള ഗുണനിലവാര മാനദണ്ഡങ്ങളുമായി പൊരുത്തപ്പെടണം. പ്രത്യേക ഗുണ നിലവാര മാനദണ്ഡങ്ങൾ വിപണിയിൽ നിലവിലില്ലാത്ത കമ്പനികളുടെ സേവനങ്ങളുടെ കാര്യത്തിൽ, സംസ്ഥാന തല സമിതി പ്രത്യേക ഗുണനിലവാര മാന ദണ്ഡങ്ങൾ നിർദ്ദേശിക്കും

## കേരള ബ്രാൻഡിന്റെ കാലാവധി

രണ്ടു വർഷക്കാലാവധിയിലാണ് തുടക്കത്തിൽ കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ അനുവദിക്കുന്നത്. എന്നാൽ, സർട്ടിഫിക്കേഷനു പരിഗണിച്ചു ഏതെങ്കിലും ഒരു ഗുണമേന്മ സർട്ടിഫിക്കറ്റിന്റെ കാലാവധിക്ക് അനുസരിച്ചുള്ള കുറവ് വരാം. സർട്ടിഫിക്കേഷൻ നൽകിയതിന് ശേഷം നിർദ്ദിഷ്ട ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കാത്തതോ/ലങ്കിക്കുന്നതോ ആയ സാഹചര്യത്തിൽ, ബ്രാൻഡ് സസ്പെൻഡ് ചെയ്യപ്പെടും. സ്ഥിരമായ നിരീക്ഷണം, ഇടയ്ക്കുള്ള പരിശോധന കൾ, പരാതിയുടെ മേലുള്ള അന്വേ ഷണം, രേഖകളുടെ എന്നിവയിലൂടെ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തും. മാനദണ്ഡങ്ങൾ പാലിച്ചു പ്രവർത്തിച്ചാൽ ലളിതമായ വ്യവസ്ഥകളിലൂടെ ബ്രാൻഡ് പുതുക്കാനും സാധിക്കും.

## വെളിച്ചം തെളിയിക്കാൻ വെളിച്ചണ്ണ

കേരളത്തിന്റെ തനതായ ഉൽപ്പന്നം എന്ന നിലയിൽ വെളിച്ചെണ്ണയാണ് 'മെയ്ഡ് ഇൻ കേരള്' യിലെ ആദ്യ പ്രാദേശിക ഉൽപ്പന്നം. വെളിച്ചെണ്ണക്ക് കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങളും പുറത്തിറക്കിയിട്ടുണ്ട്. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ച് വെളിച്ചെണ്ണ ഉത്പാദിപ്പിക്കുന്ന ഏതൊരു സംരംഭകനും കേരള ബ്രാൻഡിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.



നമ്മുടെ കേരളം വളരുകയാണ്. ഒപ്പം വ്യവസായ വാണിജ്യ സാധ്യതകളും. സംരംഭക സൗഹൃദ കേരളമിപ്പോൾ മികച്ച ആശയങ്ങളാലും അത് ഇച്ഛാശക്തിയോടെ പ്രവർത്തികമാക്കുന്ന സംരംഭകരാലും അഭിമാനം കൊള്ളുകയാണ്. ഇനി നമ്മുടെ ഉൽപ്പന്നങ്ങൾ വേണം ലോകത്തിനു മുന്നിൽ നമുക്കായി സംസാരിക്കേണ്ടത്. കേരളത്തെ തന്നെ അടയാളപ്പെടുത്തുന്ന 'കേരള ബ്രാൻഡ്' അതിനുള്ള ആദ്യ ചുവടു വയ്പാണ്. ■

**കെ – ബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ് ലേഖകൻ**

## അപേക്ഷകൾ സമർപ്പിക്കാൻ

**സംസ്ഥാന തലത്തിലും താലൂക്ക് തലത്തിലും അപേക്ഷ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്. പ്രാഥമികമായി അപേക്ഷകൾ സമർപ്പിക്കേണ്ടത് താലൂക്ക് തല സമിതിക്കാണ്. ഈ സമിതിയുടെ ജില്ലാ വ്യവസായ കേന്ദ്രം ജന റൽ മാനേജരും കൺവീനർ താലൂക്ക് വ്യവസായ ഓഫീസറുമാണ്. ബന്ധപ്പെട്ട വകുപ്പുകളുടെ ജില്ലാ ഓഫീസർമാർ, വ്യവസായ വികസന ഓഫീസർ, വ്യവസായ അസോസിയേഷൻ പ്രതിനിധികൾ, സാങ്കേതിക സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവർ അടങ്ങുന്നതാണ് താലൂക്ക് തല സമിതി. മാനദണ്ഡങ്ങൾ പൂർണമായും പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതും സംസ്ഥാന സമിതിക്ക് ശുപാർശ ചെയ്യുന്നതും ഈ കമ്മിറ്റിയാണ്.**

**പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായം) ചെയർമാനും വ്യവസായ വാണിജ്യ ഡയറക്ടർ കൺവീനറുമായ സംസ്ഥാനതല കമ്മിറ്റിയാണ് 'കേരള ബ്രാൻഡ്' ആയി അംഗീകാരം നൽകുന്നത്. ബന്ധപ്പെട്ട വകുപ്പിന്റെ സെക്രട്ടറി, വകുപ്പ് പ്രതിനിധികൾ, കെ.എസ്.ഐ.ഡി.സി., കെബിപ്പ്, ഡി.ജി.എഫ്.ടി., കെ.എസ്.എസ്.ഐ.എ., ബി.ഐ.എസ്. പ്രതിനിധി, സാങ്കേതിക സംസ്ഥാന വിദഗ്ധൻ എന്നിവർ അടങ്ങുന്നതാണ് സമിതി.**

**വ്യവസായികളുടെയും സംരംഭകരുടെയും സംശയങ്ങൾക്ക് മറുപടി നല്കുന്നു.**
**വിവരങ്ങൾ അറിയാൻ കെ.എസ്.എസ്.ഐ.എ. ന്യൂസിലേക്ക് എഴുതുക.**

# മുഖാമുഖം

## കെ.എസ്.എസ്.ഐ.എ. ഓഫീസിൽ വെച്ച് കാനറാ ബാങ്ക് ജനറൽ മാനേജർ എസ്. പ്രേംകുമാറുമായി മുഖാമുഖം



കാനറാ ബാങ്ക് ജനറൽ മാനേജർ ആന്റ് എസ്.എൽ. ബി.സി. കൺവീനർ എസ്.പ്രേംകുമാർ മറുപടി പ്രസംഗം നടത്തുന്നു.

**ബാങ്കിങ്ങ് മേഖലയെ സംബന്ധിച്ചുള്ള സംശയങ്ങൾക്ക് എസ്.പ്രേംകുമാറുമായി ബന്ധപ്പെടാം.**
**ഫോൺ: 8281900990**

കെ.എസ്.എസ്.ഐ.എ. സംസ്ഥാന കമ്മിറ്റി യോഗത്തിൽ വെച്ച് കാനറാ ബാങ്ക് ജനറൽ മാനേജർ ആന്റ് എസ്.എൽ.ബി.സി. കൺവീനർ എസ്. പ്രേംകുമാറുമായി മുഖാമുഖം പരിപാടി സംഘടിപ്പിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ.എ.വി. സുനിൽനാഥ് (നോർത്ത് സോൺ) സ്വാഗതം പറഞ്ഞു. സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീന്റെ അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ ജനറൽ സെക്രട്ടറി പി.ജെ.ജോസ് റിപ്പോർട്ട് അവതരിപ്പിച്ചു. സി.ജി.റ്റി.എം. എസ്.ഇ. സ്കിമിന്റെ ഫലപ്രദമായ നടത്തിപ്പിനെ കുറിച്ചും, പ്രീക്ലോഷർ ചാർജ്ജുകൾ എല്ലാ ബാങ്കുകളും ഒഴിവാക്കുന്നതിനെ സംബന്ധിച്ചും സംസ്ഥാന പ്രസിഡന്റ് യോഗത്തിൽ ഉന്നയിച്ചു. കെ.എസ്.എസ്.ഐ.എ.എ. സോഷ്യൽ സെക്യൂരിറ്റി ഫണ്ടിന് കാനറാ ബാങ്കിന്റെ സി.എസ്.ഐ.ആർ ഫണ്ടിൽ നിന്നും നിശ്ചിത തുക അനുവദിക്കുന്നതിനെ സംബന്ധിച്ച് സംസ്ഥാന പ്രസിഡന്റ് പരാമർശിക്കുകയും അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് അദ്ദേഹം പറയുകയും ചെയ്തു. ബാങ്കിങ്ങ് മേഖലയുമായി വ്യവസായികൾ അനുഭവിക്കുന്ന വിവിധ ബുദ്ധിമുട്ടുകൾ വ്യവസായികൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. വ്യവസായികൾ ഉന്നയിച്ച വിഷയങ്ങൾക്ക് യുക്തമായ പരിഹാര നടപടികൾ സ്വീകരിക്കുമെന്ന് അദ്ദേഹം അറിയിച്ചു. യോഗത്തിൽ വെച്ച് സംസ്ഥാന സംഘടനയുടെ ഉപഹാരം സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ കാനറാ ബാങ്ക് ജനറൽ മാനേജർ എസ്. പ്രേംകുമാറിന് നല്കി. ജോ. സെക്രട്ടറി ജോർജ്ജ് മുണ്ടക്കൽ (നോർത്ത് സോൺ) നന്ദി പറഞ്ഞു.



സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.



ജനറൽ സെക്രട്ടറി പി.ജെ.ജോസ് യോഗത്തെ അഭിസംബോധന ചെയ്തു കൊണ്ട് സംസാരിക്കുന്നു

എസ്. പ്രേംകുമാറിന് സംസ്ഥാന സംഘടനയുടെ ഉപഹാരം സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ നല്കുന്നു.



GOVERNMENT ORDERS

I/5784028/2023
"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം. ആർ.സി1/384/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്
തിരുവനന്തപുരം, തീയതി: 30-06-2023

**സർക്കുലർ**

വിഷയം:- തസ്വഭവ - സർക്കാരിനെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർ ഫയൽ ചെയ്യുന്ന കോടതി കേസുകൾ - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പഞ്ചായത്ത് രാജ് ആക്ട്/മുനിസിപ്പാലിറ്റി ആക്ട് പ്രകാരം നൽകേണ്ട വിവിധ പെർമിറ്റുകൾ ലൈസൻസുകൾ/ നിരാക്ഷേപപത്രങ്ങൾ എന്നിവ നൽകേണ്ടുന്ന വിഷയത്തിൽ വിവിധ കാരണങ്ങളാൽ കാലവിളംബം/ തടസ്സം നേരിടുന്നു എന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യവസായ സംരഭങ്ങളുമായി ബന്ധപ്പെട്ട ഇത്തരം തടസ്സങ്ങൾ/പ്രശ്നങ്ങൾ പരിഹരി ക്കുന്നതിന് ചീഫ് സെക്രട്ടറി തലവനായ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിൽ പ്രസ്തുത വിഷയം ഉന്നതതലത്തിൽ ചർച്ച ചെയ്യുകയും, സാധ്യമായ വഴികളിൽ കൂടി പ്രശ്നം പരിഹരിച്ച് അനുമതി ലഭ്യമാക്കുകയും ചെയ്യുന്നു. എന്നാൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് മുഖാന്തിരമുള്ള തീരുമാനങ്ങൾക്കെതിരായി തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ കോടതികളിൽ കേസുകൾ ഫയൽ ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള നടപടി അനുചിതമാണെന്നും ആയത് പരിശോധിക്കേണ്ടതാണെന്നും തീരുമാനിക്കുകയും, ആയതിൻപ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപന ഉദ്യോഗസ്ഥർ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് തീരുമാനങ്ങൾക്കെതിരായി കേസുകൾ ഫയൽ ചെയ്യാൻ പാടില്ലാത്തതാണെന്നും, ഈ നിർദ്ദേശത്തിനു വിരുദ്ധമായി ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രെട്ടറിമാർ സർക്കാരിനെതിരെ കേസ് ഫയൽ ചെയ്യുകയാണെങ്കിൽ, അത്തരത്തിൽ പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കെതിരെ അച്ചടക്ക നടപടികൾ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ് എന്നുമുള്ള നിർദ്ദേശം പുറപ്പെടുവിക്കുന്നു.

**ഡോ. ഷർമിള മേരി ജോസഫ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

# കെ.എസ്.എസ്.ഐ.എ. കൊല്ലം ജില്ല യൂണിറ്റും ജില്ലാ വ്യവസായ കേന്ദ്രവും സംയുക്തമായി മുഖാമുഖം പരിപാടി സംഘടിപ്പിച്ചു

കെ.എസ്.എസ്.ഐ.എ. കൊല്ലം ജില്ലയും, ജില്ലാ വ്യവസായ കേന്ദ്രവും സംയുക്തമായി സംഘടിപ്പിച്ച മുഖാമുഖം പരിപാടി കെ.എസ്.എസ്.ഐ.എ. ഹാളിൽ വെച്ച് നടന്നു. ജില്ല പ്രസിഡന്റ് കെ.ജി.ലിജിൻ അദ്ധ്യക്ഷത വഹിച്ച പ്രസ്തുത പരിപാടി സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്തു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ബിജു കുര്യൻ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന സൗത്ത് സോൺ വൈസ് പ്രസിഡന്റ് എ.ഫസലുദ്ദീൻ, ജോർജ്ജ് ജെയിംസ് (എം.ഡി. റബ്ബർ പാർക്ക്), എന്നിവർ ആശംസാ പ്രസംഗം നടത്തി. Enterprises Development Executives നും, വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർക്കും കൂടിയുള്ള പരിശീലന പരിപാടിയും സംഘടിപ്പിച്ചു. വ്യവസായ പുരോഗതിയ്ക്കു വേണ്ട ചർച്ചകളും നിർദ്ദേശങ്ങളും അവർ പങ്ക് വെച്ചു. വ്യവസായ പുരോഗതിക്കും വ്യവസായികളുടെ ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കുവാനും കൂടുതൽ ആളുകളെ വ്യവസാ യ രംഗത്തേക്ക് കൊണ്ടു വരുന്നതിനും പ്രോത്സാഹനം നൽകുന്നതിനും സഹായകരമായ ഒരു പരിപാടി ആയിരുന്നു. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ജില്ല സെക്രട്ടറി എം.ഹുസൈൻ നന്ദി പറഞ്ഞു.




സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ മുഖാമുഖം പരിപാടി ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിക്കുന്നു.




ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ബിജു കുര്യൻ മുഖ്യപ്രഭാഷണം നടത്തുന്നു.




തിരുവനന്തപുരം ഹയാത്ത് ഹോട്ടലിൽ വെച്ച് നടന്ന B N I Mesmerize Panel Discussion ൽ സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ പങ്കെടുത്തു.




എസ്.സി.എം.എസ്. സ്കൂൾ ഓഫ് ടെക്നോളജി ആന്റ് മാനേജ്മെന്റ്, സംഘടിപ്പിച്ച 22nd Invited Lecture Series-ൽ സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ.ജോസ് പങ്കെടുത്ത് സംസാരിക്കുന്നു.

KSSIA NEWS
JULY 2023

# വ്യവസായ സൗഹൃദ റാങ്കിങ്ങ് കുതിപ്പിന് വിലയേറിയ നിർദ്ദേശങ്ങൾ പങ്ക് വെക്കൂ



എസ്. ഹരി കിഷോർ ഐ.എ.എസ്.

സമാനതകളില്ലാത്ത വ്യാവസായിക വികസനത്തിനാണ് കേരളം സാക്ഷ്യം വഹിക്കുന്നത്. സംസ്ഥാനങ്ങളിലെ വ്യവസായ സൗഹൃദാന്തരീക്ഷം പരിഗണിച്ചിട്ടുള്ള ദേശീയ റാങ്കിങ്ങിൽ ഒരു വർഷം കൊണ്ട് കൈവരിച്ച മികവാർന്ന നേട്ടം ഇതിന് ഏറ്റവും വലിയൊരു തെളിവാണ്. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും നിക്ഷേപ സൗഹൃദ അന്തരീക്ഷം വിലയിരുത്തി കേന്ദ്ര വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആന്റ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി) അഖിലേന്ത്യ തലത്തിൽ നടത്തിയ റാങ്കിങ്ങിൽ 28 –ാം സ്ഥാനത്തു നിന്ന് 15 ലേക്കാണ് കേരളം കുതിച്ച് മുന്നേറിയത്. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് വിലയിരുത്തലിലാണ് കേരളം അസ്പെയർ വിഭാഗത്തിൽ നേടുകയും റാങ്കിങ്ങിൽ വലിയ പുരോഗതി നേടുകയും ചെയ്തത്. ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ നടപ്പിലാക്കി സംരംഭകരിൽ നടത്തിയ അഭിപ്രായ സർവ്വേയുടെ വെളിച്ചത്തിലാണ് സംസ്ഥാനങ്ങളിലെ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് നേട്ടങ്ങൾ വിലയിരുത്തപ്പെട്ടത്. വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതികൾ നല്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ ഭേദഗതികൾ വരുത്തിയതും നയപരമായ തീരുമാനങ്ങളെടുത്ത് നടപ്പിലാക്കിയതും ഈ കുതിച്ചു ചാട്ടത്തിന് സഹായിച്ചിട്ടുണ്ട്.

വിവിധ നയങ്ങൾ പരിഗണിച്ച് ഓരോ സംസ്ഥാനങ്ങളിലെയും വ്യവസായ സൗഹൃദാന്തരീക്ഷത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളെയും കേന്ദ്ര ഭരണ പ്രദേശങ്ങളെയും ഉൾപ്പെടുത്തി റാങ്കിങ്ങ് നിശ്ചയിക്കുന്ന സമ്പ്രദായം ആരംഭിക്കുന്നത് 2014 ലാണ്. 2016 ലാണ് കേരളം ഇതിന്റെ ഭാഗമായത്. സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനാണ് കേരളത്തിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്. പുതിയൊരു സംരംഭം തുടങ്ങാനും സുഗമമായി നടത്തിക്കൊണ്ടു പോകുന്നതിനും വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് നിശ്ചയിച്ച് ഓരോ വർഷവും ഡി.പി.ഐ.ഐ.ടി. എല്ലാ സംസ്ഥാനങ്ങൾക്കുമായി പ്രത്യേക മാർഗനിർദ്ദേശം പുറപ്പെടുവിക്കും. ഇതിന്റെ ഭാഗമായി ഡി.പി.ഐ.ഐ.ടി. വ്യവസായികൾ, നിക്ഷേപകർ, അസോസിയേഷനുകൾ, പൗരന്മാർ എന്നിവയുൾപ്പടെ എല്ലാ ഉപഭോക്താക്കളിൽ നിന്നും വിലയേറിയ അഭിപ്രായങ്ങൾ ശേഖരിക്കുന്നതിനായി ഉപയോക്തൃ ഫീഡ്ബാക്ക് സർവേ നടത്തും. ഇങ്ങനെ ലഭിക്കുന്ന അഭിപ്രായം പരിഗണിച്ചാണ് റാങ്ക് നിശ്ചയിക്കുക. 2022 ഡി.പി.ഐ.ഐ.ടി യുടെ അഭിപ്രായ സർവേ 2023 ജൂലായിൽ ആരംഭിക്കുകയാണ്. ഫീഡ്ബാക്ക് ലഭിക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിന്ന് ഓൺലൈൻ സേവനങ്ങൾ പ്രയോജനപ്പെടുത്തിയ 22,000 പേരുടെ ഉപയോക്തൃ പട്ടിക സർക്കാർ ഡി.പി.ഐ.ഐ.ടി.ക്ക് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പാക്കുന്ന പരിഷ്കരണ ശുപാർശയോട് 60 ശതമാനം ഉപയോക്താക്കളും അനുകൂലമായി പ്രതികരിച്ചാൽ മാത്രമേ സംസ്ഥാനത്തിന് മികച്ച മാർക്ക് ലഭിക്കൂ. അഭിമുഖം (ടെലിഫോണിക്, മുഖാമുഖം, വീഡിയോ കോൺഫറൻസ്) അല്ലെങ്കിൽ വാട്ട്സ്ആപ്പ്/എസ്.എം.എസ്./ഇ മെയിൽ അധിഷ്ഠിത ലിങ്ക് എന്നിവയിലൂടെയാണ് ഉപയോക്തൃ ഫീഡ്ബാക്ക് സ്വീകരിക്കുക. ഉപയോക്താക്കൾ യെസ്/നോ എന്ന് ഉത്തരം നല്കേണ്ടി വരുന്ന തരത്തിലായിരിക്കും ചോദ്യാവലി രൂപകല്പന ചെയ്തിരിക്കുന്നത്.

വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ സൂചികയിൽ അടുത്ത വർഷം ആദ്യ പത്ത് റാങ്കിൽ എത്തുക എന്നതാണ് ഇനി സർക്കാരിന്റെ ലക്ഷ്യം. സംരംഭകർക്ക് പരാതി നല്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി സംസ്ഥാനത്ത് ടോൾ ഫ്രീ കോൾ സെന്റർ സ്ഥാപിച്ചത് ദേശീയ തലത്തിൽ തന്നെ ശ്രദ്ധേയമായിരുന്നു. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളുമെല്ലാം കാലാനുസൃതമായി പരിഷ്കരിച്ചതും വ്യവസായ മേഖലയുടെ ക്ഷേമത്തിനായി സ്വീകരിച്ച നയപരമായ കാര്യങ്ങളുമെല്ലാമാണ് കേരളത്തിലെ വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തിയത്. സുസ്ഥിര വികസനത്തോടെയുള്ള നിക്ഷേപത്തിനാണ് കേരളത്തിന്റെ ഊന്നൽ. ദേശീയ തലത്തിൽ എം.എസ്.എം.ഇ. മേഖലയിലെ ബെസ്റ്റ് പ്രാക്ടീസ് അംഗീകാരം നേടിയ സംരംഭക വർഷം പദ്ധതി കൂടി പരിഗണിക്കുമ്പോൾ ഡി.പി.ഐ.ഐ.ടി.യുടെ റാങ്കിങ്ങിൽ സംസ്ഥാനത്തിന് കൂടുതൽ ഉയർന്ന സ്ഥാനം

നേടാൻ കഴിയുമെന്നാണ് നിഗമനം. പദ്ധതിയിലൂടെ മൂന്ന് ലക്ഷത്തിലധികമാളുകൾക്ക് തൊഴിൽ നല്കാനും എം.എസ്. എം.ഇ. മേഖലയിൽ എട്ടായിരത്തിലധികം കോടിയുടെ നിക്ഷേപം കൊണ്ടു വരാനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തേക്ക് ഇനിയും കൂടുതൽ സംരംഭങ്ങളും നിക്ഷേപവും വരാൻ ഈ നേട്ടം സഹായമാവുകയും ചെയ്യും.


സുസ്ഥിര വികസന സൂചികയിൽ വ്യവസായ വികസനം ഉൾപ്പെടെയുള്ള പരിഗണനാവിഷയങ്ങളിൽ ഉയർന്ന നേട്ടം കൈവരിച്ച സർക്കാർ അത് തുടരാനും കൂടുതൽ മികച്ച നേട്ടങ്ങൾ വരും വർഷങ്ങളിൽ സ്വന്തമാക്കാനുമാണ് ശ്രമിക്കുന്നത്. ആ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ പൊതുജനങ്ങൾ, വ്യവസായികൾ, വ്യാപാര അസ്സോയിഷനുകൾ എന്നിവർ സർവ്വേയുടെ ഭാഗമാകുകയും നിങ്ങളുടെ നല്ല അനുഭവങ്ങളും വിജയഗാഥകളും വിലയേറിയ നിർദ്ദേശങ്ങളും പങ്കു വെക്കാനും അഭ്യർത്ഥിക്കുകയാണ്. പോസിറ്റീവ് ഫീഡ്ബാക്ക് നല്കുന്നതിലൂടെ സംസ്ഥാനത്തിന്റെ പ്രശസ്തി വർദ്ധിപ്പിക്കുന്നതിനൊപ്പം കൂടുതൽ സംരംഭകരെയും നിക്ഷേപങ്ങളെ ആകർഷിക്കുകയും തൊഴിലവസരങ്ങൾ വർദ്ധിക്കുകയും മൊത്തത്തിലുള്ള സാമ്പത്തിക അഭിവൃദ്ധി മെച്ചപ്പെടുകയും ചെയ്യും. അനുമതികളും ലൈസൻസുകളും ലഭിക്കുന്നതിനുള്ള എളുപ്പം, നികുതി ഭരണ കാര്യക്ഷമത, വ്യാപാരം സുഗമമാക്കൽ നടപടികൾ, റെഗുലേറ്ററി നടപടി ക്രമങ്ങളിലെ സുതാര്യത തുടങ്ങി വിവിധ വശങ്ങളാണ് സർവ്വേയിൽ ഉൾക്കൊള്ളുന്നത്. നിങ്ങൾ നല്കുന്ന നിർദ്ദേശങ്ങൾ മെച്ചപ്പെടുത്താനുള്ള മേഖലകൾ തിരിച്ചറിയുന്നതിനും ഭാവി നയങ്ങൾ രൂപപ്പെടുത്തുന്നതിനും സഹായിക്കും.

സംസ്ഥാനത്തിന്റെ പുരോഗതിക്ക് ആക്കം കൂട്ടുന്ന ഒരു ബിസിനസ് സൗഹൃദ ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള സർക്കാരിന്റെ കൂട്ടായ ശ്രമത്തിൽ നിങ്ങളുടെ പങ്കാളിത്തം നിർണായകമാണ്. സർവ്വതല സ്പർശിയായതും സാമൂഹിക നീതിയിൽ അധിഷ്ഠിതവുമായ വികസനം ഉറപ്പാക്കി സർക്കാർ മുന്നേറുമ്പോൾ അതിനൊപ്പം നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ സംസ്ഥാനത്തിന്റെ റാങ്കിങ് ഉയർത്താനും ശോഭനമായ ഭാവിക്ക് വഴിയൊരുക്കാനും കഴിയും. ■

**വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി. എം.ഡി. ആണ് ലേഖകൻ**

**വ്യവസായികളുടെയും സംരംഭകരുടെയും സംശയങ്ങൾക്ക് മറുപടി നല്കുന്നു. വിവരങ്ങൾ അറിയാൻ കെ.എസ്.എസ്.ഐ.എ. ന്യൂസിലേക്ക് എഴുതുക.**


## "GST നിയമങ്ങൾ മലയാളത്തിൽ" 2023 എഡിഷൻ




ഇന്ത്യയിൽ ആദ്യമായി **GST** നിയമങ്ങളുടെ മലയാള പരിഭാഷ ലഭ്യമാക്കിയ '**GST** നിയമങ്ങൾ മലയാളത്തിൽ' എന്ന പുസ്തകത്തിന്റെ ആദ്യ എഡിഷന്റെ വൻ വിജയത്തിനു ശേഷം 2023 ജൂലൈ വരെയുള്ള നിയമമാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് '**GST നിയമങ്ങൾ മലയാളത്തിൽ 2023 എഡിഷൻ**' പ്രസിദ്ധീകരണത്തിലേക്ക്.

ഓരോ സെക്ഷനെയും സംബന്ധിക്കുന്ന ആക്റ്റുകൾ, ഭേദഗതികൾ, മറ്റ് സെക്ഷനുകൾ, റൂളുകൾ, നോട്ടിഫിക്കേഷനുകൾ, സർക്കുലറുകൾ, റേറ്റ് നോട്ടിഫിക്കേഷനുകൾ എന്നിവ ഓരോ സെക്ഷനുമൊപ്പം ലിസ്റ്റായും, പ്രത്യേകം ക്രോഡീകരിച്ച ഒരു വിപുലമായ പട്ടികയായും നൽകപ്പെട്ടിരിക്കുന്നു.

**GST** നിയമങ്ങളുടെ മലയാള പരിഭാഷ ഇന്ത്യയിൽ എവിടെയും ലഭ്യമല്ലാ എന്ന പ്രശ്നം പരിഹരിക്കുന്നതിനായി അഡ്വ. **K. S.** ഹരിഹരൻ, അഡ്വ. ഹരിമ ഹരിഹരൻ എന്നിവർ രചിച്ച ഈ പുസ്തകത്തിന്റെ പ്രഥമ എഡിഷന്റെ പ്രകാശനം ബഹു. കേരളാ ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ആണ് നിർവ്വഹിച്ചത്.

**GST** നിയമങ്ങളിലുണ്ടായ നിരവധി മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും കൂടി ഉൾപ്പെടുത്തി, കൂടുതൽ വിശദമായ വിശദീകരണക്കുറിപ്പുകളോടെയാണ് പുസ്തകത്തിന്റെ രണ്ടാം എഡിഷൻ പുറത്തിറങ്ങുന്നത്.

'**GST** ഒറ്റനോട്ടത്തിൽ' എന്ന പ്രത്യേക പഠനക്കുറിപ്പ് വായനക്കാരുടെ അഭിപ്രായങ്ങൾ മാനിച്ച് 100ഓളം പേജുകൂടി അധികമായുള്ള വിപുലമായ വിശദീകരണക്കുറിപ്പായി പുതിയ എഡിഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പുസ്തകം കേരളത്തിൽ പ്രമുഖ നിയമ ബുക്ക് സ്റ്റോറുകളിൽ ജൂലൈ 2023 മുതൽ ലഭ്യമായിരിക്കുന്നതാണ്. **MRP ₹1530/**

പരിമിതമായ സ്റ്റോക്കിന്മേൽ സ്പെഷ്യൽ ഡിസ്കൗണ്ട് വില ലഭ്യമാണ്.
**₹1,350/** എന്ന സ്പെഷ്യൽ ഡിസ്കൗണ്ട് വിലയിൽ പുസ്തകങ്ങൾ ബുക്ക് ചെയ്ത് പോസ്റ്റ് വഴി ലഭിക്കുവാൻ ബന്ധപ്പെടുക

**9846227555** | Google Pay **9746720960**



ZeD

# GKECS

## GK Engineering Consultancy Services

ഭാരത സർക്കാറിന്റെ
MSME മന്ത്രാലയത്തിന്റെ നൂതന പരിപാടിയായ
ZED സർട്ടിഫിക്കേഷനിൽ അംഗമാകൂ...
Bronze (വെങ്കലം) Silver (വെള്ളി) Gold (സ്വർണ്ണം)
സർട്ടിഫിക്കേറ്റുകൾ നേടാൻ വേണ്ട
പരിശീലനവും തയ്യാറെടുപ്പും
ഞങ്ങൾ മിതമായ നിരക്കിൽ നൽകുന്നു.

### ഞങ്ങളുടെ സേവനങ്ങൾ

- **Udhyam** (ഉദ്യമം) രജിസ്ട്രേഷൻ
- വ്യവസായ സംരംഭത്തിനാവശ്യമായ നിലവാരത്തിലേക്കുള്ള തയ്യാറെടുപ്പ്
- സംരംഭത്തിന്റെ ഫോട്ടോകളും ഫോമുകളും ഓൺലൈനിൽ ആക്കുന്നു.
- അപേക്ഷ സമർപ്പിക്കൽ
- ഓൺലൈനായി ഫീസ് അടപ്പിക്കുന്നു.
- ഗവൺമെന്റിൽ നിന്ന് സബ്സിഡി തിരിച്ചുകിട്ടാൻവേണ്ട പ്രവർത്തനം
- വ്യവസായാംഗങ്ങൾക്ക് പരിശീലനം


**ബന്ധപ്പെടുക.**

Mob: 7837430717
Whatsapp :8527514717

Email Id :
gkn.50mba@gmail.com
gkn.46kmpla@gmail.com




ZeD


# GKECS

## GK Engineering Consultancy Services


We provide the relevant services for obtaining Bronze, Silver and Gold certifications As per the ZED Scheme from MSME Ministry, Govt. of India At a reasonable expense.

### Services offered

- *Udhyam Registration*
- *Site preparation to the required level*
- *Uploading of photographs and Necessary documents*
- *Submission of application*
- *Online payment of fees*
- *Follow-up for reimbursement of subsidy from government*
- *Training*


*For Details Contact*

Mob: 7837430717
Whatsapp :8527514717

Email Id :
gkn.50mba@gmail.com
gkn.46kmpla@gmail.com

# മുഖാമുഖം



## കെ.എസ്.എസ്.ഐ.എ. എറണാകുളം ജില്ല യൂണിറ്റും ജില്ലാ വ്യവസായ കേന്ദ്രവും സംയുക്തമായി മുഖാമുഖം പരിപാടി സംഘടിപ്പിച്ചു

കെ.എസ്.എസ്.ഐ.എ. എറണാകുളം ജില്ലയും, ജില്ലാ വ്യവസായ കേന്ദ്രവും സംയുക്തമായി സംഘടിപ്പിച്ച മുഖാമുഖം പരിപാടി കെ.എസ്.എസ്.ഐ.എ.യുടെ കളമശ്ശേരിയിലുള്ള സംസ്ഥാന കമ്മിറ്റി ഹാളിൽ വെച്ച് നടന്നു. ജില്ല പ്രസിഡന്റ് എം.എ.അലി അദ്ധ്യക്ഷത വഹിച്ച പ്രസ്തുത പരിപാടി സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി പി.ജെ. ജോസ് ആശംസാ പ്രസംഗം നടത്തി. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എ.നജീബ് മുഖ്യ പ്രഭാഷണം നടത്തി. Enterprise Development Executives, Resource Persons വിവിധ ബാങ്ക് പ്രതിനിധികൾ, ജില്ലാ വൈസ് പ്രസിഡന്റ് ടോം തോമസ്, ശ്രീമതി.കവിത.ഇ.പി. എന്നിവർ യോഗത്തിൽ പങ്കെടുത്തു. വ്യവസായ പുരോഗതിക്കു വേണ്ട ചർച്ചകളും നിർദ്ദേശങ്ങളും അവർ പങ്ക് വെച്ചു. വ്യവസായ പുരോഗതിയ്ക്കും വ്യവസായികളുടെ ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കുവാനും കൂടുതൽ ആളുകളെ വ്യവസായ രംഗത്തേക്ക് കൊണ്ടു വരുന്നതിനും പ്രോത്സാഹനം നൽകുന്നതിനും സഹായകരമായ ഒരു പരിപാടി ആയിരുന്നു. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ജനറൽ സെക്രട്ടറി പി.ജെ.ജോസ് നന്ദി പറഞ്ഞു.



സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ മുഖാമുഖം പരിപാടി ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിക്കുന്നു.



മുഖാമുഖം പരിപാടിയിൽ ജനറൽ സെക്രട്ടറി പി.ജെ.ജോസ് ആശംസാ പ്രസംഗം നടത്തുന്നു.

## കെ.എസ്.എസ്.ഐ.എ. എറണാകുളം ജില്ലയും എം.എസ്.എം.ഇ. തൃശ്ശൂരും ചേർന്ന് Awareness Programme on GeM സംഘടിപ്പിച്ചു



കാർത്തികേയൻ, (DGM, SIDBI) ചെറുകിട വ്യവസായങ്ങൾക്ക് വേണ്ടി സിഡ്ബി ഇറക്കിയ പുതിയ സ്കീമുകളെപ്പറ്റി സംസാരിക്കുന്നു.

കെ.എസ്.എസ്.ഐ.എ. എറണാകുളം ജില്ലയും, എം.എസ്.എം.ഇ. തൃശ്ശൂരും സംയുക്തമായി കെ.എസ്.എസ്.ഐ.എ.യുടെ കളമശ്ശേരിയിലുള്ള സംസ്ഥാന കമ്മിറ്റി ഹാളിൽ വെച്ച് Awareness Programme on GeM നടത്തുകയുണ്ടായി. ജില്ല പ്രസിഡന്റ് എം.എ.അലി അദ്ധ്യക്ഷത വഹിച്ചു. ജില്ല വൈസ് പ്രസിഡന്റ് ടോം തോമസ് സ്വാഗതം പറഞ്ഞു. ജനറൽ സെക്രട്ടറി പി.ജെ. ജോസ് ആശംസാ പ്രസംഗം നടത്തി. ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ആന്റ് ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ GeM എ.വി.മുരളീധരൻ, GeM ബിസിനസ് ഫെസിലിറ്റേറ്റർ മനേഷ് മോഹൻ എന്നിവർ GeM ക്ലാസ്സുകളെടുത്തു. അതിനു ശേഷം ചെറുകിട വ്യവസായങ്ങൾക്ക് വേണ്ടി സിഡ്ബി ഇറക്കിയ പുതിയ സ്കീമുകളെപ്പറ്റി കാർത്തികേയൻ, (DGM, SIDBI) സംസാരിച്ചു. ജില്ലാ സെക്രട്ടറി വി.എം.ബിനു നന്ദി അറിയിച്ചു.

# കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ 2022-23 വർഷത്തെ വായ്പ ആസ്തിയിൽ വൻ വർദ്ധനവ്

## എം.എസ്.എം.ഇ.കൾക്കും സ്റ്റാർട്ടപ്പുകൾക്കും 3207.22 കോടി രൂപ വായ്പ



കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ 2022-23 വർഷത്തെ വായ്പ ആസ്തി 6,529.71 കോടി ആയി ഉയർന്നു. മുൻ വർഷം 4,750.71 കോടിയായിരുന്നു. ആദ്യമായിട്ടാണ് വായ്പ ആസ്തി 5,000 കോടി കടക്കുന്നത്. 70 വർഷത്തിനുള്ളിൽ ആദ്യത്തെ മികച്ച പ്രകടന മാണിത്. 2022-23 സംരംഭക വർഷത്തിൽ 1.5 ലക്ഷം എം.എസ്.എം.ഇ.കൾക്കും, സ്റ്റാർട്ട് അപ്പുകൾക്കും 3,207.22 കോടി വായ്പ അനുവദിച്ചു. എം.എസ്.എം.ഇ. കൾക്ക് 8 ശതമാനം പലിശ നിരക്കിലാണ് ഈ വായ്പ നല്കിയത്. മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി അനുസരിച്ച് 2,404 സംരംഭങ്ങൾക്ക് 5 ശതമാനം പലിശ നിരക്കിൽ 472 കോടി രൂപയും വായ്പ നല്കി. 2021-22 ൽ 13.20 കോടിയായിരുന്നത് 2022-23 ൽ 50.19 കോടിയായി ലാഭം കൈവരിച്ചു. മുൻകാലങ്ങളിൽ നിന്നും 4 ഇരട്ടി വർദ്ധനവാണ് ലാഭത്തിൽ ഉണ്ടായിരിക്കുന്നത്. പലിശ വരുമാനം 38.46 ശതമാനം വളർച്ചയിൽ 543.64 കോടി രൂപയായി മൊത്ത വരുമാനം 518.17 കോടി രൂപ യിൽ നിന്നും മാർച്ച് 31 ന് 694.38 കോടിയായി വർദ്ധിച്ചു. നിഷ്ക്രിയ ആസ്തി മുൻ വർഷം 3.27 ശതമാനമായിരുന്നുവെങ്കിൽ നടപ്പു വർഷം 3.11 ശതമാനമായി താഴ്ന്നു. കൂടുതൽ വായ്പ നല്കിയതും തിരിച്ചടവിൽ മികച്ച പ്രകടനവും മൂലമാണ് കെ.എഫ്. സി. യുടെ വായ്പ ആസ്തി ഉയർത്താനും വരുമാനം വർദ്ധിപ്പിക്കാനും സാധിച്ചത്.


# പ്രധാന മന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PM-EGP)

Khadi India

Ministry of Micro, Small and Medium Enterprises
Government of India

**Prime Minister's Employment Generation Programme**

(Ver. 2.0)



**വായ്പയ്ക്ക് 35% വരെ സബ്സിഡി നൽകുന്ന പ്രധാന മന്ത്രിയുടെ തൊഴിൽ ദായക പദ്ധതി.**

തൊഴിലും ഉല്പാദനവും വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണിത്. ഉല്പാദന മേഖലയിൽ 50 ലക്ഷം രൂപ വരെയും സേവന മേഖലയിൽ 20 ലക്ഷം രൂപ വരെ പദ്ധതി ചെലവിന്മേൽ സബ്സിഡി ലഭിക്കും. 10 ലക്ഷത്തിൽ കൂടുതലുള്ള ഉല്പാദന സംരംഭകങ്ങൾക്കും 5 ലക്ഷത്തിൽ കൂടുതലുള്ള സേവന സംരംഭകങ്ങൾക്കും, 8 ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യത ഉള്ളവർക്കുമാണ് ഈ ആനുകൂല്യം ലഭിക്കുക. പൊതു വിഭാഗത്തിലുള്ളവർക്ക് 10 ശതമാനം സ്വന്തമായി മുതൽ മുടക്കും 90 ശതമാനം ബാങ്ക് വായ്പയും ആയിരിക്കണം. ഇവർക്ക് നഗര പ്രദേശങ്ങളിലുള്ളവർക്ക് 15 ശതമാനവും, ഗ്രാമ പ്രദേശങ്ങളിലുള്ളവർക്ക് 25 ശതമാനംവും സബ്സിഡി ലഭിക്കും. മുൻഗണന വിഭാഗങ്ങളായ സ്ത്രീകൾ, ഭിന്നശേഷിക്കാർ, പട്ടിക ജാതി-പട്ടിക വർഗ്ഗം, ഒ.ബി.സി., ന്യൂനപക്ഷ വിഭാഗം, വിമുക്തഭടന്മാർ എന്നിവർ 5 ശതമാനം സ്വന്തം മുതൽ മുടക്കും 95 ശതമാനം ബാങ്ക് വായ്പയുമായിരിക്കണം. ഇവർക്ക് നഗര പ്രദേശങ്ങളിൽ 25 ശതമാനവും, ഗ്രാമ പ്രദേശങ്ങളിൽ 35 ശതമാനവം സബ്സിഡി ലഭിക്കും. അപേക്ഷയും അനുബന്ധ രേഖകളും www.kviconline.gov.in എന്ന വെബ്സൈറ്റിലൂടെ അയക്കാവുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രം, KVIC, KVIB എന്നീ ഏജൻസികളാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

sidbi



# FINANCING END TO END ENERGY EFFICIENCY (4E) INVESTMENTS IN MSMES

## OBJECTIVE

To provide financial assistance to MSMEs engaged in the reduction of greenhouse gases(GHGs) from their operations and support Sustainable Development Goals (SDGs)

## Target Sectors & Eligible Projects

- Manufacturing and service sectors
- Energy efficient machineries/technologies
- Renewable Energy Projects

## Loan Amount

- Upto 100% funding with cash collateral in the form of SIDBI FDR
- Minimum loan - Rs.10 lakhs and
- Maximum Loan - Rs.5 crores

## Eligibility

- Minimum 1 year of operation
- The borrowers should not have defaulted to any Banks/Financial Institutions

## Key Features

- Concessional interest rate as per rating
- Repayment: up to 60 months
- Moratorium : upto 6 months
- Quicker sanction

## Benefits to MSMEs

- Better profitability by reduction in energy & fuel cost upto 25%
- Risk sharing facilities available for EE Projects
- Reimbursement of cost of detailed energy audits upto 70% energy audit fees paid subject to certain conditions



**To Know more, visit our nearest branch. Locate us at: www.sidbi.in**
Follow us on SIDBIofficial sidbiofficial sidbiofficial SIDBI Official
SIDBI (Small Industries Development Bank of India)
**Small Industries Development Bank of India,**
**Green Climate and Energy Efficiency Centre,**
10th Floor, Atma Ram House, 1 Tolstoy Marg, New Delhi-110001
Telephone: 011-2344 8300 I E-mail: eec_credit@sidbi.in

---

sidbi

# EXPRESS

## Machinery Loans Made Easy For MSMEs

✔Seamless Online Loan application Journey
✔Automated Loan Processing
✔Immediate In-Principle offer

**TARGET GROUP**

- GST registered MSME units in operations for atleast 3 years

**LOAN AMOUNT**

- Upto Rs. 100 lakh
- Upto 100% financing

**FEATURES**

- Attractive rate of Interest
- Lower processing Fees
- Quick disbursement

**CONTACT US AT**

033 – 68286212
1800-22-6753
bd.dcv@sidbi.in

**VISIT US AT**

www.sidbi.in




Image: Freepik.com*

---

सिडबी
sidbi

G20 भारत 2023 INDIA | 75 Azadi Ka Amrit Mahotsav

# EV4ECO Mission 50000

## EV SCHEME FOR DIRECT LENDING



**OBJECTIVE**

To scale-up e-2/3/4Ws adoption..

**ELIGIBLE BORROWERS**

- MSMEs willing to purchase electric vehicles for their day-to-day operations | • MSME Fleet operator, Aggregator, Leasing companies/enterprises etc. | • Other EV ecosystem strengthening enterprises (charging, battery swap etc.,)
- Udyami registration shall be mandatory. | • Loan should not be given to individual driver cum owner.

| Existing customer of SIDBI | New to SIDBI | Fleet Operators, Aggregators, Leasing Companies/enterprises etc., |
|---|---|---|
| One year of satisfactory principal repayment track record with SIDBI | 1. Existing entities having minimum two years of operation.<br>2. Cash profits in last audited financial result. | 1. Minimum one year of operation<br>2. Should have cash profits or have received at least one round of equity investment from one or more SEBI registered Alternative Investment Fund (s) (AIF)/ or Foreign VC Investors (FVCI).<br>3. Should have medium / long term business assurance contract with reputed agency or should have one year of dealing with reputed agency. |

**Upfront fee**: 0.25% of the sanction amount

| Eligible Electric Vehicle Type | Loan Amount | Eligible electric vehicles/ Product/ OEMs |
|---|---|---|
| 1. Electric two-wheeler- L1 & L2 segment<br>2. E-rickshaw (Lithium-ion)- L3 segment<br>3. Electric three-wheeler, auto & cargo- L5 segment<br>4. Electric 4-wheeler Registration with RTO is mandatory | 1. 100% financing with minimum cash collateral of 25% in form of SIDBI FDR.<br>2. Minimum loan: INR 10 lakh for existing SIDBI customer & INR 20 lakhs for others<br>3. Maximum loan: INR 5 crores to existing SIDBI & New to SIDBI entities and INR 20 crores for the fleet operator, aggregator, etc. | 1. Certificate from CMVR approved testing agencies like ARAI, ICAT, GARC etc. for type of vehicle.<br>2. Batteries with AIS-156 certification<br>3. Vehicle shall be pre-fitted with telematics devices and/or tracking /IOT devices ("Telematics Device").<br>4. Service center at the point of sales in cities/ tie-ups.<br>5. The warranty of the battery should be equal to or greater than loan tenure. |

| | |
|---|---|
| Repayment Period | Max repayment up to 5 years. |
| Interest Rates* | Starting at 7% |

* Based on Scoring criteria

**GREEN CLIMATE FINANCE VERTICAL, SMALL INDUSTRIES DEVELOPMENT BANK OF INDIA**
12th floor, Atama Ram House, 1, Tolstoy Marg, New Delhi-110001 | Phone: 011-23682473
Know more:- www.sidbi.in | Feedback / Contact Us :- gcfv@sidbi.in

KSSIA NEWS
Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.